PALAKKAD
**Rupatha Bulletin**




Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed by
**JIM Offset, Palakkad**

Reg. No. KERMAL14748/11/01/2011-TC
Annual Subscription: Rs. 200

## ഉള്ളടക്കം

വിജ്ഞാപനം.............................................. 03
മിഷൻ ഫണ്ട്.............................................. 05
സർക്കുലർ................................................ 08
Bishop's Engagement................................ 15
From the Bishop's Office........................... 16
നിത്യാരാധനാ കപ്പേള................................. 17
വിശ്വാസപരിശീലനവേദി.............................. 18
ബൈബിൾ അപ്പോസ്തലേറ്റ്.......................... 23
അൾത്താരസംഘം...................................... 31
തിരുബാലസഖ്യം........................................ 31
ചെറുപുഷ്പ മിഷൻ ലീഗ്............................. 34
കെ.സി.എസ്.എൽ..................................... 35
സി.എൽ.സി.............................................. 41
കെ.സി.വൈ.എം....................................... 43
മാതൃസംഘം.............................................. 46
ഫാമിലി അപ്പോസ്തലേറ്റ്.............................. 50
കുടുംബകൂട്ടായ്മ...................................... 50
സെഹിയോൻ ധ്യാനകേന്ദ്രം......................... 52
പി. എസ്. എസ്. പി.................................... 53
From the Bishop's Diary............................ 58

430/2011
26-10-2011

# വിജ്ഞാപനം - 108

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

കുട്ട  ികളുടെ ആദ്ധ്യാത്മികവും ഭൗതികവും സർഗ്ഗാത്മകവുമായ കഴിവുകളെ വളർത്തി അവർക്ക് ശോഭനമായ ഭാവി പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ രൂപതയിൽ ആരംഭിക്കുന്ന പരിശീലന പദ്ധതിയെപ്പറ്റി നിങ്ങളെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്. STARS (Sanjoe Training Academy for Resourceful Students) എന്നാണ് പദ്ധതിക്ക് പേരു നൽകിയിരിക്കുന്നത്. അതിന്റെ ഉദ്ഘാടനം വരുന്ന മാസം 12-ാം തിയ്യതി നമ്മുടെ സഭാതലവനായ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് തന്റെ ഔദ്യോഗിക സന്ദർശനാവസരത്തിൽ നടത്തുന്നതാണ്.

ഇതേപ്പറ്റി രൂപതാ പാസ്റ്ററൽ കൗൺസിലിലും കൈക്കാരന്മാരുടെ സമ്മേളനത്തിലും വൈദിക സമ്മേളനത്തിലും ചർച്ചചെയ്യുകയുണ്ടായി. എത്രയുംവേഗം ആരംഭിക്കേണ്ട അത്യാവശ്യമായ പദ്ധതിയാണിതെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. എന്നുമാത്രമല്ല, എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു. നല്ല മനസ്സുള്ള എല്ലാവരുടെയും ഉദാരമായ സഹകരണത്തിൽ പ്രത്യാശവച്ചുകൊണ്ട് ഈ വർഷം തന്നെ പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്. രൂപത വിശ്വാസപരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. എല്ലാ വിഭാഗത്തിൽ നിന്നും പ്രാതിനിധ്യമുള്ള ഒരു കമ്മിറ്റിക്കായിരിക്കും ഇതിന്റെ ഉത്തരവാദിത്വം. ആറാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ നിന്ന് യോഗ്യരായവരെ ഈ വർഷം തന്നെ തെരഞ്ഞെടുത്ത് അവർക്ക് പ്രത്യേക പരിശീലനം നൽകാനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതേപ്പറ്റിയുള്ള വിവരങ്ങൾ പ്രധാനാധ്യാപകർ നൽകുന്നതാണ്. കുട്ടികളുടെ സർഗ്ഗാത്മക ബൗദ്ധിക കഴിവുകൾ വർദ്ധിപ്പിക്കുക, ഉന്നത വിദ്യാഭ്യാസമേഖലയിലെ വെല്ലുവിളികളെ അതിജീവിച്ച് പ്രശോഭിക്കുവാൻ അവരെ പ്രാപ്തരാക്കുക, പ്രൊഫഷണൽ തലത്തിൽ അവരെ ഗുണമേന്മയും മികവുമുള്ളവരാക്കുക, ക്രൈസ്തവ മനസാക്ഷി രൂപീകരിക്കാനും വിശ്വാസ സാക്ഷികളാകാനും അവരെ ഒരുക്കുക, അവരുടെ ഗവേഷണത്വര പ്രോത്സാഹിപ്പിക്കുക, തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ അവരെ സഹായിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.





ബൗദ്ധികവും കലാസാഹിത്യപരവുമായ കഴിവുകളുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുമൂലം പഠിക്കാനോ തങ്ങളുടെ അഭിരുചികൾക്കനുസൃതം വളരാനോ സാധിക്കാതെ കഷ്ടപ്പെടുന്ന കുട്ടികളുണ്ട്. അവർ നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നവരാണ്. അവർക്ക് രൂപതയൽ നിന്ന് സാധിക്കുന്നവിധം സാമ്പത്തിക സഹായം നൽകാറുണ്ട്. എന്നാൽ അതൊക്കെ തീരെ അപര്യാപ്തമാണ്. അവരെപ്പോലുള്ളവർക്ക് ശോഭനമായ ഭാവി ഉണ്ടാക്കിക്കൊടുക്കാൻ സാമ്പത്തിക സുസ്ഥിതിയുള്ളവർ മനസ്സുവെച്ചാൽ സാധിക്കും. അത് ചെയ്യേണ്ടത് അവരുടെ ചുമതലയുമാണല്ലോ.

ഈ പദ്ധതിയിലേക്ക് 25,000 രൂപയെങ്കിലും പ്രാരംഭ സഹായമായി നൽകാൻ കഴിവും സന്മനസ്സുമുള്ളവർ പദ്ധതിയുടെ ഉദ്ഘാടന ദിവസം പ്രസ്തുത തുക ശ്രേഷ്ഠ മെത്രാപ്പൊലീത്തായെ ഏല്പിക്കാൻ തയ്യാറായി മുന്നോട്ടുവരണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. അവരുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ മുൻകൂട്ടിത്തന്നെ രൂപതാക്കച്ചേരിയിൽ അറിയിച്ചാൽ അവർക്കുള്ള സർട്ടിഫിക്കറ്റുകൾ മേജർ ആർച്ചുബിഷപ്പ് പൊതുവേദിയിൽവെച്ച് നൽകുന്നതാണ്. രൂപതയിലെ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ സഹകരിക്കണം. എല്ലാവരും സഹകരിച്ചാൽ ഈ പദ്ധതി വിജയകരമായും ഫലപ്രദമായും നടത്തുവാൻ സാധിക്കും. ദൈവാനുഗ്രഹം സമൃദ്ധമായി ഇക്കാര്യത്തിൽ ഉണ്ടാകുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ വിജ്ഞാപനം **ഒക്ടോബർ 30-ാം** തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 1367/2011

# വിജ്ഞാപനം
# മിഷൻ ഫണ്ട്

**സീറോ മലബാർസഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്ത**
**മാർ ജോർജ്ജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും**
**മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.**

ഭൂമിയുടെ അതിർത്തികൾ വരെ മിശിഹായ്ക്ക് സാക്ഷികളാകാൻ (നട. 1:8) പ്രതിജ്ഞാബദ്ധയായ സീറോ മലബാർ സഭ, 29 രൂപതകളിലായി ഭാരതത്തിനകത്തും പുറത്തും ദൈവരാജ്യസംസ്ഥാപനത്തിനായി കർമ്മനിരതയാണ്. മാർതോമ്മാശ്ലീഹായുടെ സുവിശേഷ പ്രഘോഷണം വഴിയായി കേരള മണ്ണിൽ ആഴ്ന്നിറങ്ങിയ സീറോ മലബാർ സഭ ഇന്ന് ഭാരതം മുഴുവനിലും ആസ്ട്രേലിയായിലും, അമേരിക്കയിലും, ആഫ്രിക്കയിലും, ഏഷ്യയിലെയും യൂറോപ്പിലെയും വിവിധ രാജ്യങ്ങളിലും വ്യാപിച്ചിരിക്കുന്നു. ഭാരതത്തിൽ സീറോ മലബാർസഭയുടെ അധികാരപരിധിക്കുവെളിയിൽ ചാന്ദാ, ഉജ്ജയിൻ, സത്ന, ബിജ്നോർ, രാജ്ക്കോട്ട്, ഗോരഖ്പൂർ, ജഗദൽപൂർ, അദിലാബാദ്, സാഗർ, കല്യാൺ തുടങ്ങി പത്ത് മിഷൻ രൂപതകളുള്ള കാര്യം സഭാമക്കൾ ഏവർക്കും അറിവുള്ളതാണല്ലോ. ഭാരതത്തിലെ മിഷൻ രൂപതകളെ പ്രാർത്ഥനവഴിയായും സാമ്പത്തികമായും സഹായിക്കുക യെന്നത്, മാർതോമ്മാശ്ലീഹായുടെ വിശ്വാസപാരമ്പര്യത്തിൽ ജീവിക്കുന്ന ഓരോ സീറോ മലബാർ വിശ്വാസിയുടെയും അടിസ്ഥാനപരമായ ജീവിതദൗത്യമാണ്.ഈ ലക്ഷ്യപ്രാപ്തിക്കായി നമ്മുടെ മിഷൻ പ്രദേശങ്ങളെ സാമ്പത്തികമായും പ്രാർത്ഥനവഴിയായും സഹായിക്കാനാഗ്രഹിക്കുന്നവരുടെ ഒരു അസോസിയേഷൻ





സീറോമലബാർ സിനഡ് രൂപകല്പന ചെയ്തിരിക്കുന്നു (Association of Supporters of Syro Malabar Mission- A.S.S.M). തദ്വാര, സീറോമലബാർ സഭയിലെ എല്ലാ കുടുംബങ്ങളേയും (9 ലക്ഷം കുടുംബങ്ങൾ) മാതൃസഭയുമായി നിരന്തരസമ്പർക്കത്തിലും സഹവർത്തിത്വത്തിലും നയിക്കാമെന്ന് പ്രത്യാശിക്കുന്നു.

സീറോമലബാർ സഭാംഗങ്ങളുടെ മനസ്സിലും ഹൃദയത്തിലും പ്രേഷിതാവബോധം സൃഷ്ടിക്കുകയെന്നത് ഈ അസോസിയേഷന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. സീറോമലബാർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വിശദമാക്കുന്ന ന്യൂസ് ബുള്ളറ്റിൻ ഓരോ വർഷവും മൂന്ന് ലക്കങ്ങളിലായി പ്രസിദ്ധീകരിക്കാൻ ഈ അസോസിയേഷൻ പരിശ്രമിക്കുന്നു. മിഷൻ പ്രവർത്തനങ്ങളിൽ ഓരോ കുടുംബത്തിനും ആത്മീയമായും സാമ്പത്തികമായും പങ്കുപറ്റാനുള്ള അവസരം ഈ അസോസിയേഷൻ മുമ്പോട്ടുവെയ്ക്കുന്നു. നമ്മുടെ സഭയിലെ എല്ലാ കുടുംബാംഗങ്ങളും വൈദികരും, സന്യാസഭവനങ്ങളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ സഹകരിക്കുമല്ലോ. ഈ അസോസിയേഷന്റെ ലക്ഷ്യപ്രാപ്തിക്കായി ഒരു വർഷം ഒരു കുടുംബം 200 രൂപ വീതവും സന്യാസഭവനങ്ങളും സ്ഥാപനങ്ങളും 500 രൂപ വീതവും സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനായി രാജ്ക്കോട്ടിന്റെ മുൻമെത്രാനും ദീർഘകാലം പ്രവാസികളുടെ അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റിയിരുന്ന കമ്മീഷന്റെ ചെയർമാനുമായിരുന്ന മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിനെ സീറോമലബാർ സിനഡിന്റെ സമ്മതത്തോടെ ഞാൻ നിയമിക്കുന്നു. ഈ അസോസിയേഷന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കുവേണ്ടി ഓരോ രൂപതയിൽ നിന്നും ഒരു അല്മായ പ്രതിനിധി ഉണ്ടാവും. അല്മായ പ്രതിനിധികളടങ്ങിയ ഭരണസംവിധാനമാവും ഈ അസോസിയേഷനുവേണ്ടി തീരുമാനങ്ങൾ കൈക്കൊള്ളുക. പ്രേഷിതപ്രവർത്തനങ്ങൾക്കായി സ്വീകരിച്ച ഫണ്ടിന്റെയും അത് വിതരണം ചെയ്ത വിവിധ മേഖലകളുടേയും വിവരങ്ങൾ പ്രതിപാദിക്കുന്ന വിശദമായ റിപ്പോർട്ട് ന്യൂസ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പ്രിയ സഹോദരരേ, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിശ്വാസ സമൂഹങ്ങളെ ഉദാരമായി സഹായിക്കുകയെന്നത് ആദിമക്രൈസ്തവസമൂഹം മുതൽ അനുഷ്ഠിച്ചുവരുന്ന ഒരു വിശുദ്ധ പാരമ്പര്യമാണ്. ജറുസലേമിലുള്ള നിർദ്ധനരായ ക്രൈസ്തവരെ സഹായിക്കാൻ മക്കെദോനിയായിലും അക്കായിയായിലും ഉള്ളവർ സൻമനസ്സ് കാണിച്ചതിനെ വി. പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ മുക്തകണ്ഠം പ്രശംസിക്കുന്നുണ്ട് (റോമാ 15,26). സഭ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ് (1കോറി 12,27), എന്ന വി.പൗലോസിന്റെ സഭാത്മക ദർശനം എത്രയോ ശ്രേഷ്ഠമാണ് ! ശരീരത്തിലെ ഏതെങ്കിലും ഒരവയവം വേദനിക്കുമ്പോഴും ദുർബ്ബലമാകുമ്പോഴും അത് ശരീരത്തിന്റെ മുഴുവൻ അനാരോഗ്യത്തെയാണ് വിളിച്ചു പറയുന്നത്. അതുകൊണ്ട് കരയുന്നവരുടെ കണ്ണീരൊപ്പാനും ദുർബലന് കൈത്താങ്ങാകാനും വേദനിക്കുന്നവന് സാന്ത്വനമാകാനുമുതകുന്ന ഒരു സഭാത്മക ആത്മീയത നമുക്ക് കെട്ടിപ്പടുക്കാം. പാവങ്ങളോടു പ്രത്യേക പക്ഷം പ്രകടിപ്പിക്കാനുള്ള (Preferential Love for the poor) സഭയുടെ നിരന്തരമായ ഉൾവിളിയുടെ ബാഹ്യാവിഷ്ക്കാരമാണ് ഈ അസോസിയേഷൻ. എന്തുചെയ്താലും പാവങ്ങളെ കുറിച്ച് ചിന്തവേണമെന്ന വി. പൗലോസിന്റെ തീവ്രമായ ആഗ്രഹത്തിന് ( ഗലാ 2,10) ജീവിതം കൊണ്ട് മറുപടികൊടുക്കാൻ സീറോ മലബാർ സഭാംഗങ്ങൾക്കാകട്ടെ. അതുവഴി ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യാ പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്കണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെ കൂടിയാണെന്ന് (GS 1) ലോകം മനസ്സിലാക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്.

NB: ഈ വിജ്ഞാപനം **നവംബർ 6-ാം** തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





Prot. No. 1432/2011
14 October 2011

# സർക്കുലർ

**ഈശോമിശിഹായിൽ പ്രിയ വൈദികരെ, സന്യസ്തരെ, പ്രിയ സഹോദരീസഹോദരന്മാരെ,**

സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് എന്ന നിലയിൽ ഈ സഭയുടെ മുഖ്യ ശുശ്രൂഷകനായി ദൈവകൃപയാൽ നിയോഗിക്കപ്പെട്ടതിനു ശേഷം നമ്മുടെ സഭയിൽ നടന്ന പ്രധാന സംഭവം ഇക്കഴിഞ്ഞ ആഗസ്റ്റ് 17 മുതൽ 27 വരെ സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച മെത്രാന്മാരുടെ സിനഡാണ്. നമ്മുടെ സഭയിലെ 19-ാമത്തെ സിനഡിന്റെ മൂന്നാം സമ്മേളനമായിരുന്നു അത്. ഈ സിനഡിനെ സംബന്ധിച്ച പൊതുവായ ചില കാര്യങ്ങൾ ഈ കത്തിലൂടെ നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ വിലപ്പെട്ട പ്രാർത്ഥനയ്ക്കും സ്നേഹത്തിനും ആദ്യം തന്നെ ഞാൻ നന്ദി പറയുന്നു.

പതിവുപോലെ, സിനഡിന്റെ ആദ്യദിവസം ഉച്ചവരെയുള്ള സമയം പ്രാർത്ഥിച്ചും ധ്യാനിച്ചും ഞങ്ങളെല്ലാവരും ആത്മീയമായി ഒരുങ്ങി ഒന്നുചേർന്ന് വി.കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് സിനഡ് സമ്മേളനം ഔദ്യോഗികമായി ആരംഭിച്ചു. വിശ്രമ ജീവിതം നയിക്കുന്ന രണ്ടു മൂന്ന് മെത്രാന്മാർ ഒഴികെ എല്ലാ പിതാക്കന്മാരും സിനഡിൽ സംബന്ധിക്കുകയുണ്ടായി.

കഴിഞ്ഞ സിനഡിനുശേഷം നാമെല്ലാവരെയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് നമുക്കെല്ലാവർക്കും പ്രിയങ്കരനായിരുന്ന മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് നമ്മെ വിട്ടുപിരിഞ്ഞ് സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്രയായി. അതുപോലെ തന്നെ ഉജ്ജയിൻ മിഷൻ രൂപതയുടെ പ്രഥമ മെത്രാനായി ദീർഘകാലം ശുശ്രൂഷ, ചെയ്ത അഭിവന്ദ്യ ജോൺ പെരുമറ്റം പിതാവും നമ്മെ വിട്ടുപിരിഞ്ഞു. ഈ രണ്ടു പിതാക്കന്മാരെയും പ്രാർത്ഥനകളിൽ നമുക്കോർക്കാം.

വർക്കി പിതാവിന്റെ മരണത്തെത്തുടർന്ന് സഭയുടെ അഡ്മിനിസ്ട്രേറ്റർ ആയി ചുമതല വഹിച്ച അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവ് പുതിയ മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണം വരെയുള്ള ഇടവേളയിൽ എല്ലാ കാര്യങ്ങളും വളരെ ഭംഗിയായി നിർവഹിക്കാൻ നേതൃത്വം നല്കിയത് ഏറെ സന്തോഷത്തോടും നന്ദിയോടും

കൂടി ഞാൻ അനുസ്മരിക്കുന്നു. സിനഡിന്റെ പുതിയ സെക്രട്ടറിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ട കാര്യവും അറിയിക്കട്ടെ.

ദൈവദാസന്മാരായ മാർ കുര്യാളശേരി പിതാവും മാത്യു കദളിക്കാട്ട് അച്ചനും ധന്യപഥവിയിലേക്ക് ഉയർത്തപ്പെട്ടതിന് നമുക്ക് ദൈവത്തോട് നന്ദി പറയാം. ഈ വർഷം പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനെയും പഴയാറ്റിൽ പിതാവിനെയും പുന്നക്കോട്ടിൽ പിതാവിനെയും ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യാം. സീറോ മലബാർ സഭയിലെ പ്രഥമ കർദ്ദിനാളായ പാറേക്കാട്ടിൽ പിതാവിന്റെയും മലബാറിലെ കുടിയേറ്റ ജനതയുടെ പിതാവായ വള്ളോപ്പിള്ളി പിതാവിന്റെയും ജന്മശതാബ്ധി വർഷമാണിത്. അവരുടെ വിലപ്പെട്ട സഭാ ശുശ്രൂഷയെ നന്ദിപൂർവ്വം അനുസ്മരിച്ച് അവർക്കുവേണ്ടിയും പ്രാർത്ഥിക്കാം.

പരിശുദ്ധ പിതാവിനെ സന്ദർശിക്കുന്നതിനായി ഒക്ടോബർ മാസത്തിൽ ഞാൻ റോമിലേക്കു പോകുന്നതാണ്. ഒക്ടോബർ 17 ആണ് സന്ദർശന ദിവസം. ബന്ധപ്പെട്ട മറ്റ് വത്തിക്കാൻ കാര്യാലയങ്ങളും സന്ദർശിക്കുന്നതാണ്. ഈ സന്ദർശനം നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം ഏറ്റവും അനുഗ്രഹപ്രദമാകാൻ നിങ്ങളെല്ലാവരുടെയും പ്രാർത്ഥന പ്രത്യേകമായി ഞാൻ അഭ്യർത്ഥിക്കുന്നു.

**മിഷൻ രൂപതകൾ**

13 മിഷൻ രൂപതകളാണ് സീറോമലബാർ സഭയിൽ ഇപ്പോൾ ഉള്ളത്. കേരളത്തിലെ സിറോമലബാർ രൂപതകൾ ഈ മിഷൻ രൂപതകളെ ദത്തെടുത്ത് വിവിധ രീതിയിൽ സഹായിക്കുകയും പ്രോത്സാഹിപ്പിച്ചു വളർത്തുകയും ചെയ്യുന്നു. പ്രാർത്ഥനാ സഹായം, സാധിക്കുന്ന വിധമുള്ള ധനസഹായം, വൈദികരുടെയും സമർപ്പിതരുടെയും സേവനം,പ്രേഷിതദൈവവിളി പ്രോത്സാഹനം, പരസ്പര സന്ദർശനം തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിലൂടെയാണ് മിഷൻ രൂപതകളുടെ വളർച്ചയ്ക്കായി മാതൃസഭയിലെ രൂപതകൾ ശ്രമിക്കുന്നത്.ഈ സഹായ സഹകരണങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മിഷൻ രൂപതകളെ പ്രോത്സാഹിപ്പിക്കാനും ഹൃദ്യമായ ബന്ധം ആഴപ്പെടുത്താനും ഈ പ്രേഷിതവർഷത്തിൽ എല്ലാവരും ഉത്സാഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രേഷിതവർഷാചരണം**

പ്രേഷിതവർഷാചരണത്തെ സംബന്ധിച്ച് വ്യക്തമായ ചില മാർഗ്ഗ നിർദേശങ്ങൾ നേരത്തെ നല്കിയിട്ടുള്ളതാണല്ലോ. കൂടാതെ







പ്രേഷിത വർഷാചരണത്തിന്റെ കർമ്മ പരിപാടി വിശദീകരിച്ചുകൊണ്ട് അതിന്റെ ചുമതല വഹിക്കുന്ന കേന്ദ്ര കമ്മിറ്റി തയാറാക്കിയ ലഘുലേഖയും പ്രസിദ്ധീകരിച്ച് നല്കിയിട്ടുള്ളതാണ്. അതനുസരിച്ച് എല്ലാ രൂപതകളിലും ഉചിതമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മിഷൻ രൂപതകൾക്കുവേണ്ടിയുള്ള പ്രാർത്ഥന, മിഷൻ അവബോധം വളർത്തുന്ന പരിപാടികൾ, മിഷനറി സംഗമങ്ങൾ, മിഷൻ ഇടവകകളെ ദത്തെടുക്കൽ, മിഷൻ പ്രദേശങ്ങളിലെ കുടുംബങ്ങൾ സന്ദർശിക്കൽ, സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ, ആദിവാസി സമൂഹങ്ങളിലെ മിഷൻ പ്രവർത്തനം, മിഷൻ ഡയറക്ടറി, ഇടവകകളിലെ മിഷൻ ധ്യാനങ്ങൾ തുടങ്ങിയ കർമ്മ പരിപാടികൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്നവയാണ്. ആഗസ്റ്റുമാസം 21-ാം തീയതി കൊടുങ്ങല്ലൂരിൽ വച്ച് എല്ലാ പിതാക്കന്മാരും വൈദിക-സന്യസ്ത-അല്മായ പ്രതിനിധികളും ചേർന്ന് വിശുദ്ധ കുർബാന അർപ്പിച്ച് പ്രേഷിത വർഷാചരണത്തിന്റെ സഭാതല ഉദ്ഘാടനം നടത്തുകയുണ്ടായി. തുടർന്ന് അഴീക്കോട്ടു സ്ഥാപിച്ചിരിക്കുന്ന തോമാശ്ലീഹായുടെ തിരുശേഷിപ്പ് വണക്കവും നടന്നു. ഇരിങ്ങാലക്കുട രൂപതയുടെ ആതിഥേയത്വത്തിലും നേതൃത്വത്തിലും ഉദ്ഘാടന കർമ്മപരിപാടികൾ വളരെ ഭംഗിയായി നടന്നു എന്ന വസ്തുതയും സന്തോഷപൂർവ്വം അറിയിക്കുന്നു.

**പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലനം**

ദീർഘകാലമായി നാം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രശ്നമാണല്ലോ വിദേശരാജ്യങ്ങളിലും മറ്റും വസിക്കുന്ന പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലനം. ഇക്കാര്യത്തിൽ കുറച്ചൊക്കെ ചെയ്യാൻ നമുക്കു സാധിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ വൈദികരെ ചാപ്ലയിൻമാരായി നിയോഗിക്കാൻ കഴിഞ്ഞു. പല ആവശ്യങ്ങൾ ഇനിയും സാധിച്ചു കിട്ടേണ്ടതുണ്ട്. അതിനായി സിനഡും ബന്ധപ്പെട്ട കമ്മീഷനും ഗൗരവമായി ചിന്തിക്കുകയും പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ പരിശ്രമങ്ങൾ വിജയിക്കുന്നതിന് നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

**ദിവ്യകാരുണ്യ കോൺഗ്രസ്**

അൻപതാം അന്തർദ്ദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് 2012 ജൂൺ 10-17 തീയതികളിൽ അയർലണ്ടിൽ വച്ച് നടക്കുന്ന കാര്യം ഇതിനോടകം അറിഞ്ഞു കാണുമല്ലോ. സീറോ മലബാർ സഭയിൽ നിന്ന്

ഒരു പ്രതിനിധി സംഘം അതിൽ പങ്കെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ദിവ്യകാരുണ്യ കോൺഗ്രസിലൂടെ ലോകത്തിനു മുഴുവൻ കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കാൻ എല്ലാവരും പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**മേജർ സെമിനാരികൾ**

സിനഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആലുവാ, വടവാതൂർ, കുന്നോത്ത് എന്നീ മേജർ സെമിനാരികളുടെ പ്രവർത്തനങ്ങൾ പ്രത്യേകമായും വൈദിക പരിശീലനം പൊതുവായും സിനഡ് വിലയിരുത്തുകയുണ്ടായി. വൈദികപരിശീലനം പൊതുവെ തൃപ്തികരമായി നടക്കുന്നുവെന്നും എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ വർദ്ധിച്ചുവരുന്നു എന്നുമുള്ള റിപ്പോർട്ടുകൾ സെമിനാരികളിലെ റെക്ടറച്ചന്മാർ പങ്കുവയ്ക്കുകയുണ്ടായി. കൂടുതൽ സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുന്നോത്ത് സെമിനാരിയെ സഹായിക്കുന്നതിന് വിവിധ രൂപതകളിലെ തിരഞ്ഞെടുക്കപ്പെട്ട ഇടവകകൾ നൽകിയ സഹകരണം നന്ദിയോടെ അനുസ്മരിക്കുന്നു. വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന വൈദികർക്കായി മംഗലപ്പുഴ സെമിനാരിയിൽ നടന്ന പ്രഥമ തുടർപരിശീലന കോഴ്സ് വളരെ നന്നായിരുന്നതായി പങ്കെടുത്തവർ അഭിപ്രായപ്പെടുകയുണ്ടായി. വൈദികവിദ്യാർത്ഥികളുടെ പരിശീലകരെല്ലാവരും തുടർപരിശീലന കോഴ്സിൽ പങ്കെടുക്കണമെന്നാണ് സിനഡ് നിശ്ചയിച്ചിരിക്കുന്നത്. സെമിനാരിപരിശീലനത്തിന്റെ പ്രാധാന്യം പരിഗണിച്ച് അതിന്റെ വിവിധ വശങ്ങൾ പഠിച്ച് സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കുന്നതിനുള്ള ക്രമീകരണവും ചെയ്തു കഴിഞ്ഞു. മേജർ സെമിനാരിയിലേക്കയക്കപ്പെടുന്നതിനു മുമ്പ് വൈദിക വിദ്യാർത്ഥികൾ ബിരുദപഠനം പൂർത്തിയാക്കിയിരിക്കണമെന്നുള്ള തീരുമാനത്തിൽ സിനഡ് ഉറച്ചുനിൽക്കുന്നതാണ്. പ്രേഷിതവർഷാചരണപരിപാടിയിൽ വൈദിക വിദ്യാർത്ഥികളും സജീവമായി പങ്കുചേരണമെന്നും സീറോമലബാർ സഭയുടെ മിഷൻ നയവും മതബോധനഗ്രന്ഥങ്ങളുടെ ഉള്ളടക്കവും വൈദികവിദ്യാർത്ഥികൾ നന്നായി അറിഞ്ഞിരിക്കണമെന്ന കാര്യവും അവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സെമിനാരികളിൽ ബൈബിൾ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ടെങ്കിലും വൈദികരുടെ വചനപ്രഘോഷണം പൊതുവെ ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്ന് സിനഡ് വിലയിരുത്തി. അതിന് വൈദികപരിശീലനത്തിൽ സമഗ്രമായ ഒരു നവീകരണം ആവശ്യമാണെന്നും ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും സിനഡ് ചിന്തിക്കുന്നു.





വൈദികവിദ്യാർത്ഥികൾ ചെയ്യുന്ന ആരാധനക്രമസംബന്ധമായ ശുശ്രൂഷകളെ സംബന്ധിച്ച് ചില ആശയക്കുഴപ്പങ്ങൾ ഇപ്പോൾ നിലവിലുള്ളതായി അറിയുന്നു. തങ്ങൾ സ്വീകരിച്ചിട്ടുള്ള പട്ടത്തിനനുസരിച്ചുള്ള ശുശ്രൂഷകളാണ് അവർ ചെയ്യേണ്ടിയിരിക്കുന്നത്. ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ ബന്ധപ്പെട്ടവരെ ഞാൻ അറിയിക്കുന്നതാണ്.

**നിയമകാര്യങ്ങൾ**

വിവാഹം ആശീർവ്വദിക്കുക തുടങ്ങിയ അജപാലനപരമായ കാര്യങ്ങളെ സംബന്ധിച്ച സഭാ നിയമങ്ങളിലെ ചില അവ്യക്തതകൾ സിനഡ് ചർച്ചചെയ്ത് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി. അവയുടെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**തെയദോറിന്റെ അനാഫൊറ**

നമ്മുടെ സഭയുടെ കുർബാനക്രമത്തിൽ ആകെ മൂന്ന് അനാഫൊറകളാണുള്ളത്. അവയിൽ ആദ്യത്തേതായ ശ്ലീഹന്മാരുടെ (അദ്ദായി - മാറി അനാഫൊറ)അനാഫൊറയാണ് നാമിപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. രണ്ടാമത്തെ അനാഫൊറ തെയദോറിന്റെ അനാഫൊറ എന്നാണ് അറിയപ്പെടുന്നത്. അതിന്റെ ക്രമം സിനഡിന്റെ ലിറ്റർജികമ്മീഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്രലിറ്റർജിക്കമ്മിറ്റി തയ്യാറാക്കുകയും രൂപതകളിൽനിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചു ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും, സിനഡ് അത് സമഗ്രമായ പരിചിന്തനത്തിനും ചർച്ചയ്ക്കും വിധേയമാക്കി ചില ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഓരോ രൂപതയിലും തിരഞ്ഞെടുക്കപ്പെട്ട ഒരു സമൂഹത്തോടു ചേർന്ന്, രൂപതാദ്ധ്യക്ഷന്റെ മേൽ നോട്ടത്തിൽ പരീക്ഷണാർത്ഥം ഈ ടെക്സ്റ്റ് ഉപയോഗിച്ച് പ്രാർത്ഥിക്കകയും (dry mass) അത് വിലയിരുത്തിക്കൊണ്ടുള്ള റിപ്പോർട്ട് അടുത്തുവരുന്ന സിനഡിൽ അവതരിപ്പിക്കുകയും ചെയ്യണമെന്നും സിനഡ് തീരുമാനിച്ചിരിക്കയാണ്. ഉചിതമായ ബോധനം നടത്തി ടെക്സ്റ്റ് പരിചയപ്പെടുത്തിയിട്ടുവേണം ഇപ്രകാരം ചെയ്യുവാൻ. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ വേണ്ടവിധം പരിശോധിച്ചതിനു ശേഷം അനാഫൊറയുടെ ടെക്സ്റ്റ് അംഗീകാരത്തിനായി റോമിൽ സമർപ്പിക്കുന്നതാണ്.

**കമ്മീഷനുകൾ**

വിവിധ കമ്മീഷനുകൾ, കമ്മിറ്റികൾ തുടങ്ങിയവയുടെ നേതൃത്വത്തിലാണ് സിനഡിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടക്കുന്നത്. അവയുടെ പ്രവർത്തന റിപ്പോർട്ടുകൾ സിനഡിൽ അവതരിപ്പിച്ച്

വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സിനഡ് നൽകുകയും ചെയ്തു.

**റോമിൽ പ്രൊക്കൂറാ (Procura) യ്ക്ക് ഒരു ആസ്ഥാനം**

സീറോമലബാർ സഭാസംബന്ധമായ കാര്യങ്ങൾക്ക് വത്തിക്കാൻ കാര്യാലയവുമായി ബന്ധപ്പെടുന്നതിനും മറ്റും സൗകര്യപ്രദമായ ഒരു സ്ഥലം റോമിൽ നമുക്ക് സ്വന്തമായി ഇനിയും ഉണ്ടായിട്ടില്ല. അതിന് യോജിച്ച ഒരു സ്ഥലം ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. അത് വാങ്ങിക്കുന്നതിനുള്ള തീരുമാനം സിനഡ് എടുക്കുകയുണ്ടായി. അതിനാവശ്യമായ പണം കണ്ടെത്തേണ്ടിയിരിക്കുന്നു. നമ്മുടെ സഭയിലെ എല്ലാ വിഭാഗങ്ങളും ഇക്കാര്യത്തിൽ സഹകരികണമെന്നഭ്യർത്ഥിക്കുന്നു. അതിന്റെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**കൂരിയായുടെ പ്രവർത്തനം**

നമ്മുടെ സഭാകേന്ദ്രത്തിൽ കൂരിയായുടെ (ഭരണ കാര്യാലയം) പ്രവർത്തനത്തെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സിനഡ് ചർച്ച ചെയ്ത് അംഗീകരിച്ചു.

ദീപികപത്രത്തിന്റെ നടത്തിപ്പ്, കേരളത്തിലെ സാമൂഹിക, രാഷ്ട്രീയ രംഗം, സഭയുടെ കേന്ദ്രകാര്യാലയത്തിൽ ഇനിയും പൂർത്തികരിക്കപ്പെടേണ്ട ക്രമീകരണങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളും സിനഡ് ചർച്ച ചെയ്യുകയുണ്ടായി .

**ഭക്താനുഷ്ഠാനങ്ങൾ**

നമ്മുടെ സഭയിലെ ഭക്താനുഷ്ഠാനങ്ങളെ സംബന്ധിച്ച് സിനഡ് ചർച്ച ചെയ്തു. അവ സംബന്ധിച്ച് കൂടുതൽ പഠിച്ച് തിരുമാനങ്ങൾ എടുക്കണമെന്നാണ് സിനഡ് പൊതുവെ അഭിപ്രായപ്പെട്ടത്.

**വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ**

വത്തിക്കാൻ കൗൺസിലിന്റെ സുവർണ്ണ ജൂബിലി സമാഗതമാകുന്ന ഈ അവസരം . കൗൺസിലിന്റെയും അതിനുശേഷവുമുള്ള സഭാപ്രബോധനങ്ങൾ എത്രമാത്രം നമ്മുടെ സഭയിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞു എന്നതിനെക്കുറിച്ച് വസ്തുനിഷ്ഠമായൊരു പഠനത്തിന് ഉപയോഗപ്പെടുത്തണമെന്ന് സിനഡ് ചർച്ച ചെയ്ത് തീരുമാനിക്കുകയും അതിന് നേതൃത്വം കൊടുക്കുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

**റോമൻ സിനഡ്**

2012-ൽ നടക്കുന്ന സിനഡിന്റെ വിഷയമായ നവസുവിശേഷ





വത്കരണത്തെ സംബന്ധിച്ച് രൂപതകളിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങളുംകൂടി പരിഗണിച്ച് ചർച്ച നടത്തി. ഈ വിഷയത്തെക്കുറിച്ചുള്ള നമ്മുടെ സഭയുടെ പ്രതികരണം റോമിലേക്ക് അയച്ചു കൊടുക്കേണ്ടതുണ്ട്.ഒരു കമ്മിറ്റിയുടെ സഹായത്തോടെ പ്രതികരണം തയ്യാറാക്കി യഥാസമയം അയച്ചുകൊടുക്കുന്നതാണ്.

**മേജർ ആർച്ചുബിഷപ്പ് പാപ്പായെ സന്ദർശിക്കുന്നത്**

സീറോമലബാർ സഭയുടെ പുതിയ തലവനായി തിരഞ്ഞെടുക്കപ്പെട്ട മേജർ ആർച്ചുബിഷപ്പ് മാർപപ്പയെ ആദ്യം സന്ദർശിക്കുന്നത് ഒരു പ്രധാന സംഭവുമായിട്ടാണ് കരുതപ്പടുന്നത്. അതനുസരിച്ച് ഒക്ടോബർ 17ന് മാർപാപ്പയെ സന്ദർശിക്കുന്നതിനുള്ള ക്രമീകരണം ചെയ്തിരിക്കുകയാണ്. എന്നോടൊപ്പം സ്ഥിരസിനഡിലെ അംഗങ്ങളും കൂരിയാമെത്രാനും എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാനും ഉണ്ടായിരിക്കുന്നതാണ്. പാപ്പായെ കൂടാതെ പല വത്തിക്കാൻ കാര്യാലയങ്ങളും ഞങ്ങൾ സന്ദർശിക്കുന്നതാണ്. ഈ സന്ദർശനം നമ്മുടെ സഭയ്ക്ക് ഏറെ പ്രയോജനപ്രദമാകാൻ എല്ലാവരുടെയും പ്രാർത്ഥന ഞാൻ അഭ്യർത്ഥിക്കുന്നു.

**പുതിയ കമ്മീഷൻ**

സഭാജീവിതത്തിലും സഭയുടെ ദൗത്യത്തിലും സമർപ്പിതരുടെ സജീവപങ്കാളിത്തം ഉണ്ടായിരിക്കുക എന്ന ലക്ഷ്യത്തോടെ സമർപ്പിത സമൂഹങ്ങൾക്കുവേണ്ടി പുതിയൊരു കമ്മീഷന് രൂപം കൊടുത്തിരിക്കുന്ന കാര്യവും സന്തോഷത്തോടേ അറിയിക്കുന്നു.

ഞാൻ മേജർ ആർച്ചുബിഷപ്പായതിനുശേഷം നടന്ന ഈ പ്രഥമസിനഡിന്റെ വിജയത്തിനായി പ്രാർത്ഥിച്ചവർക്കും സഹകരിച്ചവർക്കും ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു. 27-ാം തീയതി വൈകുന്നരം 6 മണിക്ക് സീറോ മലബാർ സഭയുടെ 19-ാംസിനഡിന്റെ മൂന്നാം സെഷൻ ഔദ്യോഗികമായി പര്യവസാനിച്ചു. സിനഡിലൂടെ ലഭിച്ച ദൈവകൃപയ്ക്ക് . നമ്മുക്കെല്ലാവർക്കും ദൈവത്തോട് നന്ദിയുള്ളവരായിരിക്കുകയും ദൈവത്തെ സ്തുതിക്കയും ചെയ്യാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്.

---

NB: ഈ വിജ്ഞാപനം പൂർണ്ണരൂപത്തിൽ ജനങ്ങളെ വായിച്ചുകേൾപ്പിക്കാതെ ഇതിലെ പ്രധാന വിവരങ്ങൾ സൗകര്യംപോലെ അറിയിച്ചാൽ മതിയാകും

**+ മാർ ജേക്കബ് മനത്തോടത്ത്**

2011



# BISHOP'S Engagements

**2011 NOVEMBER**

| | | |
|---|---|---|
| 2 | | St. Raphael's Cathedral, Palakkad |
| 3 | | Meeting, Bishop's House |
| 5 | | Malampuzha (Kudumbakoottayma) (Olavakkode Forane) |
| 6 | | St. Thomas Church, South Malampuzha |
| 9 | | Pre- Cana, Yuvakshetra |
| 10 | | Sehion Retreat Centre, Thavalam |
| 11-14 | | Pastoral Visit of the Major Arch Bishop |
| 15 | | POC, Palarivattam |
| 17 | | Inter Curia Meeting, Irinjalakuda |
| 19 | PM | Meeting, Pastoral Centre |
| 20 | PM | Meeting, Mercy College |
| 24 | | Meeting, Bishop's House |
| 26 | | Valliyode |
| 27 | | Kanjikode |
| 29-30 | | Mount St. Thomas, Kakkanad |

**2011 DECEMBER**

| | | |
|---|---|---|
| 5 | | Mannarkkad (Kudumbakoottayma) |
| | PM | Meeting, Pastoral Centre |
| 7 | | Pre- Cana, Yuvakshetra |
| 8 | | Sehion Retreat Centre, Thavalam |







# From the Bishop's Office

**ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധക്ക്**

രൂപതാദിനാഘോഷത്തിലും ശ്രേഷ്ഠ മെത്രാപ്പൊലീത്തായ്ക്കുള്ള സ്വീകരണ പരിപാടിയിലും സംബന്ധിക്കേണ്ടവർക്കുള്ള ക്ഷണക്കത്ത് ഇതിനകം കിട്ടിയെന്നും വിതരണം ചെയ്യപ്പെട്ടുവെന്നും കരുതുന്നു. ഓരോ ഇടവകകളിൽ നിന്നുമുള്ള ക്ഷണിതാക്കൾ നവംബർ 12-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണിക്ക് മുമ്പുതന്നെ കത്തീഡ്രൽ പള്ളിയിൽ എത്തിച്ചേരേണ്ടതാണ്. അതിനാവശ്യമായ നിർദ്ദേശങ്ങൾ ബഹു. വികാരിയച്ചന്മാർ നല്കണമെന്നും ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും ഓർമ്മിപ്പിക്കുന്നു. ജൂബിലിക്കാരുടെയും അവാർഡ് ജേതാക്കളുടെയും പേരുവിവരം ഇനിയും അറിയിക്കാത്തവർ അവ തപാൽ വഴി അയക്കാതെ ആരെങ്കിലും വഴി രൂപതക്കച്ചേരിയിൽ ഒക്ടോബർ 31ന് മുമ്പ് എത്തിക്കേണ്ടതാണ്.

**പ്രോപ്രിയ**

വിശുദ്ധ കുർബാനയിലെ കാലവ്യത്യാസമനുസരിച്ച് മാറിവരുന്ന പ്രാർത്ഥനകളാണ് പ്രോപ്രിയ. അപ്രകാരമുള്ള 24 പ്രാർത്ഥനകൾ പൂർണ്ണരൂപത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചിരിക്കുന്ന കുർബാനക്രമമാണ് നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മേലിൽ ഉപയോഗിക്കേണ്ടത്.

+ J. Manathodath

പാലക്കാട്
25.10.2011

**മാർ ജേക്കബ് മനത്തോടത്ത്**

**ആദരാഞ്ജലികൾ**

ഫാ. ഫ്രാൻസിസ് പാറയ്ക്കൽ, 22-11-1996

**മാധ്യമദിനം**

നവംബർ 20 ഞായറാഴ്ച ആഗോളസഭ മാധ്യമദിനമായി ആഘോഷിക്കുന്നു. മാധ്യമങ്ങളുടെ വിസ്ഫോടനാത്മകമായ വളർച്ചയും സമൂഹത്തിൽ അവ ചെലുത്തുന്ന വർദ്ധിച്ച സാമൂഹികസ്വാധീനവും അവയെ ദൈവരാജ്യശുശ്രൂഷയ്ക്ക് പലപ്രദമായി പ്രയോഗിക്കുകയെന്നത് കൂടുതൽ പ്രാധാന്യമർഹിക്കുന്നു. മാധ്യമദിനം സമുചിതമായി ആചരിക്കുകയും അന്നത്തെ സ്തോത്രകാഴ്ച രൂപത കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Dec-11 | THU | Rev. Fr. Thottian Paul |
| 2-Dec-11 | FRI | Rev. Fr. Thukkuparambil Betson |
| 3-Dec-11 | SAT | Rev. Fr. Thuruthuvelil Nilesh |
| 5-Dec-11 | MON | Rev. Fr. Thuruthipally George |
| 6-Dec-11 | TUE | Rev. Fr. Vadakkekara Goji |
| 7-Dec-11 | WED | Rev. Fr. Vadakkekara Tom |
| 8-Dec-11 | THU | Rev. Fr. Vadakkumchery Thomas |
| 9-Dec-11 | FRI | Rev. Fr. Vadakken Jaison |
| 10-Dec-11 | SAT | Rev. Fr. Valayathil Xavier |
| 12-Dec-11 | MON | Rev. Fr. Vazhayil Mathew |
| 13-Dec-11 | TUE | Rev. Fr. Vazheparambil Sebastian |
| 14-Dec-11 | WED | Rev. Fr. Velliamkandathil Jaijin |
| 15-Dec-11 | THU | Rev. Fr. Ackaparambil Joyson |
| 16-Dec-11 | FRI | Rev. Fr. Aippanparambil Dominic |
| 17-Dec-11 | SAT | Rev. Fr. Alackakunnel Jose |
| 19-Dec-11 | MON | Rev. Fr. Aloor John |
| 20-Dec-11 | TUE | Rev. Fr. Angeveettil Jose |
| 21-Dec-11 | WED | Rev. Fr. Anjilimoottil Cherian |
| 22-Dec-11 | THU | Rev. Fr. Arackal John |
| 23-Dec-11 | FRI | Rev. Fr. Arikatt Anto |
| 26-Dec-11 | MON | Rev. Fr. Arisseriyil Thomas |
| 27-Dec-11 | TUE | Rev. Fr. Chakkalakal Joshy |
| 28-Dec-11 | WED | Rev. Fr. Chakkumpeedika Davis |
| 29-Dec-11 | THU | Rev. Fr. Cheniyara Jose |
| 30-Dec-11 | FRI | Rev. Fr. Cheekkapara Joy |
| 31-Dec-11 | SAT | Rev. Msgr. Chittilapilly Joseph |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





# വിശ്വാസപരിശീലനവേദി

**മതാദ്ധ്യാപക ധ്യാനങ്ങൾ**

ഈ വർഷം എല്ലാ ഫൊറോനകളിലും മതാദ്ധ്യാപകർക്കായി ഏകദിന ധ്യാനം സംഘടിപ്പിക്കുന്നതാണ്. ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയമായി വളരാൻ എല്ലാ മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ധ്യാനങ്ങൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| നവംബർ 26 | ശനി | 9.30am to 4.00 pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ഡിസംബർ 5 | തിങ്കൾ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**ജനറൽക്വിസ് 2011-2012**

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ്, ക്വിസ്മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി' സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. **(വില. 35 രൂപ)**

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2011 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ രചനകൾ എഴുതാം.

**രണ്ടാം മിഡ്ടേം പരീക്ഷ**

സൺഡേസ്കൂൾ കുട്ടികളുടെ രണ്ടം മിഡ്ടേം പരീക്ഷ ഡിസംബർ 4-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നു.

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപത മതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 17-ാം തീയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. രാവിലെ 10 മണിമുതൽ

ഉച്ചയ്ക്ക് ഒരുമണിവരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**മതാദ്ധ്യാപകദിനം 2011**

ഒക്ടോബർ 8-ാം തീയതി മതാദ്ധ്യാപകദിനം രൂപതാ പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെട്ടു. രൂപത മതബോധന ഡയറക്ടർ റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. മംഗലംഡാം ഫൊറോന വികാരി വെരി. റവ. ഫാ. ജോസ് ആലയ്ക്കക്കുന്നേൽ മതാദ്ധ്യാപകദിനാഘോഷം ഉദ്ഘാടനം ചെയ്തു. 'പോകുവിൻ പ്രഘോഷിക്കുവിൻ' എന്ന വിഷയത്തെ ആസ്പദമാക്കി പി.ഒ.സി. ഡയറക്ടർ വെരി. റവ. ഡോ. സ്റ്റീഫൻ ആലത്തറ മുഖ്യപ്രഭാഷണം നടത്തി. രൂപതാ മതബോധന കൗൺസിൽ സെക്രട്ടറി ശ്രീ. സി. എം. മാത്യു നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാവും രൂപതാ മതബോധന ഡയറക്ടറും ഫൊറോന ഡയറക്ടേഴ്സും ചേർന്ന് ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ പിതാവ് ദിവ്യബലി മദ്ധ്യേ മതാദ്ധ്യാപകർക്ക് സന്ദേശം നൽകുകയും സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. രൂപതാ മതബോധന അസി. ഡയറക്ടർ റവ. ഫാ. അരുൺ കലമറ്റത്തിൽ സ്വാഗതം ആശംസിക്കുകയും രൂപതാ മതബോധന കൗൺസിൽ അംഗം ശ്രീമതി. ലിസാ ജോർജ്ജ് നന്ദി അർപ്പിക്കുകയും ചെയ്തു.

35, 25, 15 വർഷങ്ങൾ പൂർത്തിയാക്കിയ മതാദ്ധ്യാപകർക്ക് സമാപന സമ്മേളനത്തിൽ വെച്ച് ഉപഹാരങ്ങൾ നൽകി ആദരിച്ചു. 2011-ലെ സ്കോളാസ്റ്റിക് ടെസ്റ്റിലെ രൂപതാ, ഫൊറോന വിജയികൾക്കും 2011ൽ മതാദ്ധ്യാപകർക്കായി നടത്തിയ സാഹിത്യ മത്സരവിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. കവിതാരചനയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ ശ്രീമതി റോസി വാറുണ്ണി കവിതാപാരായണം നടത്തി. രൂപതയിലെ എല്ലാ വൈദികർക്കും മതാദ്ധ്യാപകർക്കും അഭിവന്ദ്യ പിതാവിന്റെ ഉപഹാരം നൽകപ്പെട്ടു. മതാദ്ധ്യാപകദിനാഘോഷങ്ങൾ മനോഹരമാക്കാൻ പരിശ്രമിച്ച എല്ലാവർക്കും പ്രത്യേകിച്ച് ബഹു. വികാരിയച്ചന്മാർക്കും, രൂപതാ കൗൺസിൽ അംഗങ്ങൾക്കും, വിവിധ കമ്മിറ്റിയിൽ പ്രവർത്തിച്ചവർക്കും, പ്രധാനദ്ധ്യാപകർക്കും, എല്ലാ മതാദ്ധ്യാപകർക്കും കലാവിരുന്ന് ഒരുക്കിയ പാലക്കാട് ഫൊറോനയ്ക്കും രംഗപൂജ അവതരിപ്പിച്ച തത്തമംഗലം ഫൊറോനയ്ക്കും ആത്മാർത്ഥമായി നന്ദിപറയുന്നു. മതാദ്ധ്യാപകദിനാഘോഷത്തിൽ ഏകദേശം 1200 അദ്ധ്യാപകർ പങ്കെടുത്തു.

**പ്രേഷിതയായ സിറോ-മലബാർ സഭ**

'പോകുവിൻ പ്രഘോഷിക്കുവിൻ' എന്നതാണല്ലോ ഈ മതബോധന വർഷത്തിന്റെ വിഷയം. പ്രേഷിത വർഷത്തിന്റെ ചുവടുപിടിച്ചുള്ള ഈ വിഷയം കൂടുതൽ മനസ്സിലാക്കാനും ആഴപ്പെടാനും അതിന്റെ അടിസ്ഥാനത്തിൽ പോകാനും പ്രഘോഷിക്കാനും വേണ്ട പ്രേഷിത പ്രവർത്തന മനോ





ഭാവം വളർത്തുന്നതിന് സീറോ-മലബാർ സഭയുടെ വശ്വാസപരിശീലനത്തിനുവേണ്ടിയുള്ള സിനഡൽ കമ്മീഷൻ തയ്യാറാക്കിയ ലളിതസുന്ദര പുസ്തകം **'പ്രേഷിതസഭ'** സാൻജോ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. **ഇതിൽ നിന്നും എല്ലാ വിഭാഗക്കാർക്കുമുള്ള ക്വിസ് മത്സരത്തിന് 15% ചോദ്യങ്ങൾ ഉണ്ടായിരിക്കും.** വില. 10 രൂപ. വേദപാഠം അഞ്ചാം ക്ലാസ്സിന് മുകളിലേക്കുള്ള എല്ലാ കുട്ടികൾക്കും അത് ലഭ്യമാക്കാനും പഠിപ്പിക്കാനും ബഹു. വികാരിയച്ചന്മാരും പ്രധാനാധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാനും പഠിക്കുവാനും വേണ്ടി സിനഡൽ കമ്മീഷൻ ഫോർ കാറ്റകെസീസ് തയ്യാറാക്കിയിരിക്കുന്ന കൊച്ചു പുസ്തകം **"പ്രേഷിതയായ സീറോമലബാർ സഭ"** സാൻജോ ബുക്സ്റ്റാളിൽ ലഭ്യമാണ്. രൂപതയിലെ എല്ലാ അധ്യാപകരും അഞ്ചാം ക്ലാസ്സിന് മുകളിലുള്ള എല്ലാ കുട്ടികളും നിർബന്ധമായും ഈ പുസ്തകം വായിച്ചിരിക്കേണ്ടതാണ്. വി. 12.00 രൂപ

**കുട്ടികളുടെ ക്വിസ് മത്സരം**

U.P, HS, HSS എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടക്കുന്നത്. ഇടവകയിൽ നിന്നുള്ള ഒരു ടീം ഫൊറോനയിൽ പങ്കെടുക്കുന്നു. അവിടെ നിന്നും വിജയിച്ചവരാണ് രൂപതാ തലത്തിൽ യോഗ്യത നേടുക. നവംബർ 19ന് ഫൊറോനതലവും ഡിസംബർ 17 ന് രൂപതാ തലത്തിലും മത്സരങ്ങൾ നടത്തപ്പെടുന്നു. ഫൊറോനതല മത്സരം എഴുത്തു പരീക്ഷയായിരിക്കും. രൂപതാ തലത്തിൽ ഓഡിയോ വിഷ്വൽ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

**NB: പഠനഭാഗം : വിശ്വാസപരിശീലനത്തിന് വഴികാട്ടി 50% (യു.പി. 21-50, 100-132, എച്ച്.എസ്. 51-98, 134-149, എച്ച്.എസ്.എസ്. 155-215) ബൈബിൾ 35% (വി. മത്തായി 15-28, വി. പത്രോസിന്റെ ഒന്നാം ലേഖനം), പ്രേഷിത സഭ 15% (പേജ് 1-44)**

**രൂപതാതല സമ്മാനങ്ങൾ**

1-ാ സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും
2-ാ സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും
3-ാ സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

**അധ്യാപകരുടെ ക്വിസ്മത്സരം**

അധ്യാപകർക്കായുള്ള ക്വിസ് മത്സരം രണ്ടു തലങ്ങളായാണ് നടത്തപ്പെടുന്നത്. ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ടീം ഫൊറോന തലത്തിൽ മത്സരിക്കുന്നു. അവിടെ നിന്ന് വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്. നവംബർ 19-ാം തിയ്യതി ഫൊറോന തലവും ഡിസംബർ 5ന് രൂപതാ തലത്തിലും മത്സരങ്ങൾ നടത്തപ്പെടുന്നു. ഫൊറോനാതലത്തിൽ എഴുത്ത് പരീക്ഷയും രൂപതാ തലത്തിൽ ഓഡിയോ

വിഷൽ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

**പഠനഭാഗം : വിശ്വാസപരിശീലനത്തിന് വഴികാട്ടി 50% (പേജ് 51-81, 173-215) ബൈബിൾ 35% (വി. മത്തായി 15-28, വി. പത്രോസിന്റെ ഒന്നാം ലേഖനം), പ്രേഷിത സഭ 15%** (പേജ് 1-44)

**രൂപതാതല സമ്മാനങ്ങൾ**

1-ാം സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും
2-ാം സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും
3-ാം സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

*ശ്രേഷ്ഠ മെത്രാപ്പൊലീത്തായുടെ പാസ്റ്ററർ വിസിത്ത പ്രമാണിച്ച് നവംബർ 12-ാം തിയ്യതി നടത്താനിരുന്ന കുട്ടികളുടെയും അധ്യാപകരുടെയും ഫൊറോനാതല ക്വിസ് മത്സരം നവംബർ 19-ാം തിയ്യതി ശനിയാഴ്ചയിലേക്ക് മാറ്റിയിരിക്കുന്നു.*

**രണ്ടാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷകൾ**

10,11,12 ക്ലാസ്സുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 29-ാം തിയതി ഞായറാഴ്ച നടക്കുന്നതായിരിക്കും.

I-IX ക്ലാസ്സുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ

I മുതൽ IX വരെയുള്ള ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 26 ഞായറാഴ്ചയാണ്.

പഠനഭാഗം: ജനറൽ ക്വിസ് : ക്ലാസ് 5-7 (പേജ് 100-132), ക്ലാസ് 8-10 (പേജ് 134-149), ക്ലാസ് XI, XII (പേജ് 184-215)

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് മാർച്ച് 4-ാം തിയതി ഞായറാഴ്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പഠനഭാഗം**

| | |
|---|---|
| ജനറൽ ക്ലിസ് (പേജ് 173-215) | 50 മാർക്ക് |
| പരിശുദ്ധാരൂപി | 15 മാർക്ക് |
| പ്രേഷിത സഭ (പേജ് 1-44) | 25 മാർക്ക് |
| പൊതുവിജ്ഞാനം | 10 മാർക്ക് |
| **ആകെ** | **100 മാർക്ക്** |

**SMCC അവാർഡ്**

സീറോമലബാർ കാറ്റകെറ്റിക്കൽ കമ്മീഷൻ അവാർഡിനായി രൂപതയിൽ നിന്നും സഭാതലത്തിലേക്ക് രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുത്ത് അയയ്ക്കുന്നതിനുള്ള ശില്പശാല പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. ശില്പശാല **നവംബർ 19-ാം തിയ്യതി വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 20-ാം തിയ്യതി വൈകുന്നേരം 3.30ന് അവസാനിക്കുന്നു. രജി. ഫീസ് : 25 രൂപ**





**ലോഗോസ് ക്വിസ് 2011 - സൺഡേസ്കൂൾ സമ്മാനങ്ങൾ**

ലോഗോസ് ക്വിസ് 2011-ൽ പങ്കെടുത്ത് ഉന്നതവിജയം നേടിയ എല്ലാ സൺഡേസ്കൂൾ കുട്ടികൾക്കും അവരെ ഒരുക്കിയ ബഹു. വികാരിയച്ചന്മാർക്കും എല്ലാ പ്രധാന അധ്യാപകർക്കും മതാദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ.

രൂപതാതലത്തിൽ അഞ്ചാംസ്ഥാനം വരെ ലഭിച്ചവരെ ഒഴിവാക്കിയാണ് സൺഡേസ്കൂൾ സമ്മാനലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. എ, ബി, സി വിഭാഗങ്ങളിൽ 60%ത്തിനും മുകളിൽ മാർക്ക് ലഭിച്ചവരെയാണ് ലിസ്റ്റ് തയ്യാറാക്കുവാൻ പരിഗണിച്ചിരിക്കുന്നത്. ഒരേ മാർക്ക് ലഭിച്ചവരെ 101, 102, 103 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ പരിഗണിച്ചിട്ടാണ് സ്ഥാനങ്ങൾ നിർണ്ണയിച്ചിരിക്കുന്നത്.

**ലോഗോസ് ക്വിസ് 2011 - സൺഡേസ്കൂൾ സമ്മാനങ്ങൾ**

| | | | |
|---|---|---|---|
| **VI** | I | അബിത ഫ്രാൻസീസ് | കാഞ്ഞിരപ്പുഴ |
| **VII** | I | അഖിൽ ജേക്കബ് | എടത്തനാട്ടുകര |
| | II | എയ്ഞ്ചല അബ്രാഹം | കൊഴിഞ്ഞാമ്പാറ |
| | III | ലിജി ജോർജ്ജ് | കത്തീഡ്രൽ |
| **VIII** | I | അഖില ബേബി | അരപ്പാറ |
| | II | അഞ്ജനമേരിസണ്ണി | കോട്ടത്തറ |
| | III | സ്റ്റെഫി തോമസ് | വടക്കഞ്ചേരി |
| **IX** | I | സിന്റോ തോമസ് | വടക്കഞ്ചേരി |
| | II | ലാൽ ജോസ് | ഷൊറണൂർ |
| | III | മരിയ റാണി തോമസ് | വചനഗിരി |
| **X** | I | ലിൻസി ഇലഞ്ഞിക്കൽ | ഇളവംപാടം |
| | II | അജിത് മയിലാടുംപാറയിൽ | മംഗലംഡാം |
| | III | ലിബിന | കൊടുന്തിരപ്പള്ളി |
| **XI** | I | ടിന്റോ പി.എ | മെഴുകുംപാറ |
| | II | ബ്ര. ആന്റണി ജോസഫ് | കൊഴിഞ്ഞാംപാറ |
| | III | സ്നേഹ ജെയ്സൺ | വടക്കഞ്ചേരി |
| **XII** | I | ജ്യോതി ജോസ് | വടക്കഞ്ചേരി |
| | II | സുഷ്മിത സജീവ് | വടക്കഞ്ചേരി |
| | III | സൂര്യജോസ് | ചിനിക്കപ്പാറ |

**ലോഗോസ് 100% പരീഷ എഴുതിയ സൺഡേസ്കൂൾ:**

1. സെന്റ് സെബാസ്റ്റ്യൻ സൺഡേസ്കൂൾ, ഇരുമ്പകച്ചോല
2. സെന്റ് ബർണ്ണദീത്ത സൺഡേ സ്കൂൾ, വട്ടപ്പാറ
3. സെന്റ് മേരീസ് സൺഡേസ്കൂൾ, കരിങ്കയം
4. സെന്റ് പീറ്റേഴ്സ് സൺഡേസ്കൂൾ മാങ്കുറിശ്ശി
5. സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് സൺഡേസ്കൂൾ കോട്ടപ്പുറം
6. സെന്റ് ജോസഫ് സൺഡേസ്കൂൾ മെഴുകുംപാറ
7. കർമ്മലമാതാ സൺഡേസ്കൂൾ,നെല്ലിയാംപതി
8. സെന്റ് ജോസഫ് സൺഡേസ്കൂൾ ആനക്കല്ല്
9. സെന്റ് ജോസഫ് സൺഡേസ്കൂൾ മുച്ചംകുണ്ട്.
10. സെന്റ് ആന്റണീസ് സൺഡേസ്കൂൾ പരുത്തിക്കാട്
11. സെന്റ് ആന്റണീസ് സൺഡേസ്കൂൾ ഷോളയൂർ
12. സെക്രട്ട് ഹാർട്ട് സൺഡേസ്കൂൾ രാജഗിരി
13. സെന്റ് പോൾസ് സൺഡേസ്കൂൾ സ്നേഹഗിരി
14. ക്രൈസ്റ്റ് സൺഡേസ്കൂൾ തച്ചനടി

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി




## ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**

ബൈബിൾ വായിക്കുന്നതിനും പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ബൈബിൾ കേന്ദ്രീകൃത ജീവിതം കെട്ടിപ്പടുക്കുന്നതിനും ക്രൈസ്തവർക്ക് ഇന്ന് പ്രത്യേക താൽപര്യമുണ്ട്. വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കുന്നതിന് വ്യാഖ്യാനം ആവശ്യമാണ്. ശാസ്ത്രീയമായി ബൈബിൾ കോഴ്സുകളിൽ സംബന്ധിച്ച് പഠിക്കാൻ സാധിക്കാത്തവർക്ക് വീട്ടിലിരുന്ന് കിട്ടുന്ന സമയം ചിലവഴിച്ച് ബൈബിൾ പഠിക്കാൻ അവസരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ബൈബിൾ കമ്മീഷൻ ബൈബിൾ കറസ്പോണ്ടൻസ്കോഴ്സ് (തപാൽ വഴിയുള്ള ബൈബിൾ പഠന പദ്ധതി) ഒരുക്കിയിരിക്കുന്നത്. താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് രൂപതാ ബൈബിൾ അപ്പസ്തോലേറ്റുമായി ബന്ധപ്പെടുക. Phone : 9447997959, 0491-2510257

**ലോഗോസ് -2011**

ലോഗോസ് ക്വിസിന്റെ വിജയത്തിനായ് സഹകരിച്ച എല്ലാ ബഹു. വൈദികർക്കും മതാദ്ധ്യാപകർക്കും പങ്കെടുത്ത എല്ലാവർക്കും നന്ദി പറയുന്നു. പരീക്ഷയുടെ മൂല്യനിർണ്ണയത്തിന് സഹായിച്ച എല്ലാവർക്കും പ്രത്യേകിച്ച് ബഹു. സിസ്റ്റേഴ്സിനും നന്ദി. വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങൾ!!





NB : ലോഗോസ് ക്വിസ് 2011ന്റെ റിസൽട്ട് ഇന്റർനെറ്റിൽ നിന്നും ലഭിക്കുന്നതാണ്.

**ലോഗോസ് ക്വിസ് 2011 - വിജയികൾ**

**A. വിഭാഗം**

| | | |
|---|---|---|
| I Rank | ജിബിൻ പയസ്, നെന്മാറ | 85 |
| II Rank | എബി അബ്രാഹം, പുലാപ്പറ്റ | 82 |
| III Rank | അനില മാത്യു, ചീനിക്കപ്പാറ | 80 |

**B വിഭാഗം**

| | | |
|---|---|---|
| I Rank | സംഗീത സജീവ് വടക്കഞ്ചേരി | 94 |
| II Rank | ഷോൺ തോമസ്, പുലാപ്പറ്റ | 91 |
| III Rank | റിനി സൈമൺ വടക്കഞ്ചേരി | 90 |

**C വിഭാഗം**

| | | |
|---|---|---|
| I Rank | Sr. അഞ്ജലി DDP, ചന്ദ്രനഗർ | 95 |
| II Rank | റോസ് സ്വീറ്റി, ടൗൺ ചർച്ച് | 93 |
| III Rank | നിധിൻ ജോസ്, വാൽക്കുളമ്പ് | 91 |

**D വിഭാഗം**

| | | |
|---|---|---|
| I Rank | മേരിക്കുട്ടി ജോസഫ് പൂഞ്ചോല | 96 |
| II Rank | പൗലോസ് E.P, വാൽക്കുളമ്പ് | 95 |
| III Rank | സോണിയ നഞ്ച്യാലിൽ ചിറ്റൂർ, പാലക്കാട് | 94 |

**E വിഭാഗം**

| | | |
|---|---|---|
| I Rank | സി. ഫിൻബർ സി.എം.സി, ജയമാത | 97 |
| II Rank | ജോൺ കെ.വി, എടത്തനാട്ടുകര | 91 |
| III Rank | ഫിലോമിന സെബാസ്റ്റ്യൻ, ചീനിക്കപ്പാറ | 89 |

**സംസ്ഥാനതല ലോഗോസ് ക്വിസ് -2011**

1. ലോഗോസ് ക്വിസ്-2011 ന്റെ അഖിലകേരള മത്സരപരീഷയ്ക്ക് നാം ഒരുങ്ങുകയാണല്ലോ. രൂപതാതലത്തിൽ A, B, C, D, E വിഭാഗങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചവരെ (ആകെ 15 X 31 = 465 പേർ) പങ്കെടുപ്പിച്ചുകൊണ്ടുള്ള അഖിലകേരള വചനോപാസന പി. ഒ. സി. യിൽ വച്ച് നവംബർ 27 രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്. ഇംഗ്ലീഷ് ഭാഷയിൽ ആരെങ്കിലും പരീക്ഷ എഴുതുവാനുണ്ടെങ്കിൽ പ്രസ്തുത വിവരവും മുൻകൂട്ടി അറിയിക്കേണ്ടതാണ്.
2. ഈ പരീക്ഷയിൽ ഒരു വാക്കിലും ഒരു വാചകത്തിലും ഉത്തരമെഴുതുവാനും ശരിയായ ഉത്തരം തെരഞ്ഞെടുക്കുവാനുമുള്ള 50 ചോദ്യങ്ങളാണുള്ളത്. ഈ പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന 50 പേരെ (ഓരോ പ്രായവിഭാഗത്തിൽ നിന്നും 10 പേരെ വീതം) ഉൾപ്പെടുത്തി Written-Oral-Audio-Video-Word പരീക്ഷ ഡിസംബർ മാസത്തിൽ നടത്തുന്നതാണ്. ഇതിൽ നിന്നാണ് അഖിലകേരളാതലത്തിലുള്ള 15 സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
3. വീഡിയോ പരീക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ബൈബിൾ ഫിലിംസ് പിന്നീട് അറിയിക്കുന്നതാണ്.
4. മത്സരത്തിന് തലേദിവസം വൈകിട്ട് പി. ഒ. സി. യിൽ താമസസൗകര്യം ഉണ്ടായിരിക്കും.

**ലോഗോസ് ക്വിസ് 2011**

**(A Group- Answer Key-25 th September 2011)**

| | | |
|---|---|---|
| 1 | C | പുറ16:1 |
| 2 | D | 16:3 |
| 3 | C | 16:12 |
| 4 | A | 16:35 |
| 5 | D | 17:2 |
| 6 | A | 17:7 |
| 7 | C | 17:8 |
| 8 | B | 17:15 |
| 9 | C | 18:8 |
| 10 | B | 19:1 |
| 11 | A | 19:6 |
| 12 | B | 19:10 |
| 13 | D | 16:4 |
| 14 | C | 20:3 |
| 15 | C | 20:19 |
| 16 | B | 21:2 |
| 17 | A | 21:6 |
| 18 | C | 21:27 |
| 19 | A | 21:14 |
| 20 | C | 22:22 |
| 21 | D | 23:8 |
| 22 | A | 23:13 |
| 23 | C | 23:16 |
| 24 | C | 24:1 |
| 25 | C | 24:16 |
| 26 | C | 24:17 |
| 27 | C | 24:8 |
| 28 | A | |
| 29 | D | 19:18 |
| 30 | A | |
| 31 | B | 22:30 |
| 32 | D | |
| 33 | A | മത്താ 15:29 |

| | | |
|---|---|---|
| 34 | C | 16:13 |
| 35 | C | 17:2 |
| 36 | A | 17:5 |
| 37 | D | 18:28 |
| 38 | C | |
| 39 | C | |
| 40 | C | 21:1 |
| 41 | C | |
| 42 | C | 21:26 |
| 43 | D | 21:43 |
| 44 | A | 22:9 |
| 45 | D | 22:21 |
| 46 | A | 23:28 |
| 47 | B | 23:23 |
| 48 | B | 26:3 |
| 49 | A | 26:2 |
| 50 | C | 26:15 |
| 51 | B | 26:57 |
| 52 | D | 27:57 |
| 53 | D | 28:7 |
| 54 | D | 28:20 |
| 55 | D | 20:29:34 |
| 56 | B | |
| 57 | A | |
| 58 | C | |
| 59 | B | |
| 60 | B | |
| 61 | A | |
| 62 | C | 22:29 |
| 63 | A | 22:15 |
| 64 | C | 21:18-22 |
| 65 | C | 13:15,23,25,27,29 |
| 66 | D | |

| | | |
|---|---|---|
| 67 | D | 26:63 |
| 68 | D | 17:3 |
| 69 | C | |
| 70 | A | 17:24 |
| 71 | C | |
| 72 | A | |
| 73 | B | |
| 74 | D | 19:24 |
| 75 | D | |
| 76 | D | |
| 77 | B | 17:22 |
| 78 | C | 20:34 |
| 79 | C | പഠനം P.12 |
| 80 | C | 1പത്രോസ് 1:7 |
| 81 | A | 4:1 |
| 82 | B | 5:6 |
| 83 | B | 2:2 |
| 84 | D | 3:1 |
| 85 | B | |
| 86 | C | 1:1 |
| 87 | A | |
| 88 | A | 1:5 |
| 89 | C | |
| 90 | B | 1:15 |
| 91 | C | 1:20 |
| 92 | D | 2:4 |
| 93 | C | |
| 94 | C | 3:5-6 |
| 95 | C | |
| 96 | B | 3:16 |
| 97 | D | |
| 98 | C | 4:8 |
| 99 | C | 4:17 |
| 100 | D | |





താഴെ കാണുന്ന പോയിന്റുകൾ എല്ലാം ഉണ്ടെങ്കിൽ മുഴുവൻ മാർക്ക്, ഇല്ലെങ്കിൽ ആനുപാതികമായി കുറച്ചു മാർക്ക്

101. (പഠനം p.6), ജത്രോ (പുറ 3:1;4:18;18:1-12), റവുവേൽ (പുറ 2:18), ഹോബാബ് (സംഖ്യ 10:29)

102. (പഠനം P.16)

1 തന്റെ ജീവിതകാലം മുഴുവൻ ദൈവഹിതം നിറവേറ്റുന്ന യേശു ദൈവഹിതത്തോടുള്ള നിരന്തരമായ തന്റെ വിശ്വസ്തത പീഡാനുഭവത്തിലും മരണത്തിലും വ്യക്തമാക്കുന്നു(26:26-29;26-47-56;27:50).

2. തന്റെ സഹനത്തിലൂടെയും മരണത്തിലൂടെയും യേശു മനുഷ്യകുലത്തെ തിന്മയിൽ നിന്നും മരണത്തിൽ നിന്നും മോചിപ്പിക്കുന്നു. (മത്താ 26:28;27:42)

3. സഹനമരണങ്ങൾ മഹത്ത്വത്തിലേക്കും വിജയത്തിലേക്കുമുള്ളവഴിയാണ് (26:64;27:62-66;28:11-15).

4. സഹനത്തിന്റെയും മരണത്തിന്റെയും പ്രതിസന്ധിയിൽ യേശു യഥാർത്ഥ വിശ്വാസ ജീവിതത്തിന്റെ മാതൃകയാകുന്നു (26:52-54; 26:47-56; 26:69-75).

5. യേശുശിഷ്യൻ പരാജയപ്പെടുമ്പോൾ പുതിയ വ്യക്തിത്വങ്ങൾ വിശ്വാസത്തിന്റെയും ക്രൈസ്തവമൂല്യങ്ങളുടെയും മാതൃകയാകുന്നു (26:6-13;27:19;27:54)

6. സഹനത്തിന് ഉത്തരം സ്നേഹപൂർവ്വകമായ ആത്മദാനമാണ്. അതിനാൽ അർപ്പണത്തിലൂടെ അനശ്വരതയിൽ എത്തിച്ചേരുക. അനശ്വരതയിലേക്കുള്ള കടന്നുപോകലാണ് മരണം. പിതൃഭവനത്തിലേക്കുള്ള സന്തോഷകരമായ തിരിച്ചുയാത്രയും.

103. നമ്മുടെ പാപങ്ങൾ സ്വന്തംശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി. അത്, നാം പാപത്തിനു മരിച്ചു നീതിക്കായി ജീവിക്കേണ്ടതിനാണ്. അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു.

**(B-E Groups- Answer Key-25 th September, 2011)**

| | | |
|---|---|---|
| 1 | C | പുറ 16:1 |
| 3 | D | 16:16 |
| 3 | C | 16:35 |
| 4 | A | 17:4 |
| 5 | D | |
| 6 | A | 18:5 |
| 7 | C | 18:15 |
| 8 | B | 18:21 |
| 9 | C | 19:2 |
| 10 | B | |
| 11 | A | 19:15 |

| | | |
|---|---|---|
| 12 | B | 19:23 |
| 13 | D | 19:1,16 |
| 14 | C | 20:8 |
| 15 | C | 20:21 |
| 16 | B | 20:24 |
| 17 | A | 21:4 |
| 18 | C | 21:27 |
| 19 | A | 21:32 |
| 20 | C | 22:3 |
| 21 | D | 22:9 |
| 22 | A | 22:11 |

| | | |
|---|---|---|
| 23 | C | 22:25 |
| 24 | C | 22:28 |
| 25 | C | 23:11 |
| 26 | C | 23:17 |
| 27 | C | 23:28 |
| 28 | A | |
| 29 | D | 24:5 |
| 30 | A | 24:7 |
| 31 | B | |
| 32 | D | 21:2 |
| 33 | A | 22:23 |
| 34 | C | 23:8 |
| 35 | C | 19:1 |
| 36 | A | 20:25 |
| 37 | D | 23:16 |
| 38 | C | |
| 39 | C | മത്താ 17:5 |
| 40 | C | 15:29 |
| 41 | C | 15:33 |
| 42 | C | 17:15 |
| 43 | D | 20:34 |
| 44 | A | 19:13 |
| 45 | D | 21:11,46 |
| 46 | A | 23:28 |
| 47 | B | 23:23 |
| 48 | B | 17:22 |
| 49 | A | 18:8 |
| 50 | C | 22:29 |
| 51 | B | 13,15:23,25,27,29 |
| 52 | D | 21:5 |
| 53 | D | 24:42 |
| 54 | D | |
| 55 | D | |
| 56 | B | 21:26 |
| 57 | A | |
| 58 | C | 20:29:34 |
| 59 | B | 15:19 |
| 60 | B | |
| 61 | A | 21:10 |

| | | |
|---|---|---|
| 62 | C | 26:26 |
| 63 | A | 26:3 |
| 64 | C | 21:18-22 |
| 65 | C | |
| 66 | D | |
| 67 | D | 26:40 |
| 68 | D | 26:22 |
| 69 | C | 26:71 |
| 70 | A | 28:7 |
| 71 | C | |
| 72 | A | 27:51 |
| 73 | B | 28:16 |
| 74 | D | 19:7 |
| 75 | D | 20:9 |
| 76 | D | |
| 77 | B | 17:22 |
| 78 | C | പഠനം P 12 |
| 79 | C | |
| 80 | C | പഠനം. P18 |
| 81 | A | 1 പത്രോ 1:7 |
| 82 | B | |
| 83 | B | 2:4 |
| 84 | D | 2:15 |
| 85 | B | 3:7 |
| 86 | C | 4:1 |
| 87 | A | 4:3 |
| 88 | A | 4:8 |
| 89 | C | 4:16 |
| 90 | B | 4:1 |
| 91 | C | 3:1 |
| 92 | D | 1:1 |
| 93 | C | 1:5 |
| 94 | C | 1:20 |
| 95 | C | 3:9 |
| 96 | B | 3:16 |
| 97 | D | 3:21 |
| 98 | C | 4:17 |
| 99 | C | 2:2 |
| 100 | D | 2:23 |

താഴെ കാണുന്ന പോയിന്റുകൾ എല്ലാം ഉണ്ടെങ്കിൽ മുഴുവൻ മാർക്ക്. ഇല്ലെങ്കിൽ ആനുപാതികമായി കുറച്ചു മാർക്ക്

1. താഴെകൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും എട്ടെണ്ണത്തിന്റെ ആശയം കുറിച്ചാൽ മുഴുവൻ മാർക്ക്







1. മനുഷ്യനെ അടിച്ചു കൊല്ലുന്നവൻ വധിക്കപ്പെടണം

2. ഒരുവൻ തന്റെ അയൽക്കാരനെ ചതിയിൽ കൊല്ലാൻ ധൈര്യപ്പെടുന്നുവെങ്കിൽ അവനെ എന്റെ ബലിപീഠത്തിങ്കൽ നിന്നുപോലും പിടിച്ചു കൊണ്ടുപോയി വധിക്കണം.

3. പിതാവിനെയോ മാതാവിനെയോ അടിക്കുന്നവൻ വധിക്കപ്പെടണം.

4. ആളുകൾ തമ്മിലുള്ള കലഹത്തിനിടയിൽ ഒരുവൻ മറ്റൊരുവനെ കല്ലുകൊണ്ടോ മുഷ്ടികൊണ്ടോ ഇടിക്കുകയും, ഇടികൊണ്ടവൻ മരിച്ചില്ലെങ്കിലും കിടപ്പിലാവുകയും ചെയ്തെന്നിരിക്കട്ടെ; പിന്നീട് അവന് എഴുന്നേറ്റ് വടിയുടെ സഹായത്തോടെയെങ്കിലും നടക്കാൻ സാധിച്ചാൽ ഇടിച്ചവൻ ശിക്ഷാർഹനല്ല; എങ്കിലും അവനു സമയനഷ്ടത്തിനു പരിഹാരം നൽകുകയും പൂർണസുഖമാകുന്നതുവരെ അവന്റെ കാര്യം ശ്രദ്ധിക്കുകയും വേണം.

5. ഒരുവൻ തന്റെ ദാസനെയോ ദാസിയെയോ വടികൊണ്ടടിക്കുകയും അടികൊണ്ടയാൾ അവന്റെയടുക്കൽതന്നെ വീണു മരിക്കുകയും ചെയ്താൽ അവൻ ശിക്ഷിക്കപ്പെടണം. എന്നാൽ, അടികൊണ്ട ആൾ ഒന്നോ രണ്ടോ ദിവസംകൂടി ജീവിക്കുന്നെങ്കിൽ അടിച്ചവൻ ശിക്ഷിക്കപ്പെടരുത്. കാരണം അടിമ അവന്റെ സ്വത്താണ്.

6. ആളുകൾ കലഹിക്കുന്നതിനിടയിൽ ഒരു ഗർഭിണിക്കു ദേഹോപദ്രവമേൽക്കുകയാൽ ഗർഭച്ഛിദ്രത്തിനിടയാവുകയും, എന്നാൽ മറ്റപകടമൊന്നും സംഭവിക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം അവളുടെ ഭർത്താവ് ആവശ്യപ്പെടുകയും ന്യായാധിപന്മാർ നിശ്ചയിക്കുകയും ചെയ്യുന്ന തുക അവളെ ഉപദ്രവിച്ച ആൾ പിഴയായി നൽകണം. എന്നാൽ മറ്റെന്തെങ്കിലും അപകടം സംഭവിക്കുന്നെങ്കിൽ ജീവനു പകരം ജീവൻ കൊടുക്കണം.

7. കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്, കൈക്കു പകരം കൈ, കാലിനു പകരം കാല്. പൊള്ളലിനു പകരം പൊള്ളൽ, മുറിവിനു പകരം മുറിവ്, പ്രഹരത്തിനു പകരം പ്രഹരം.

8. ഒരുവൻ തന്റെ ദാസന്റെയോ ദാസിയുടെയോ കണ്ണ് അടിച്ചുപൊട്ടിച്ചാൽ അതിനു പകരം ആ അടിമയ്ക്ക് സ്വാതന്ത്ര്യം നൽകണം.

9. ഒരുവൻ തന്റെ ദാസന്റെയോ ദാസിയുടെയോ പല്ല് അടിച്ചു പറിച്ചാൽ അതിനു പകരം ആ അടിമയ്ക്കു സ്വാതന്ത്ര്യം നൽകണം.

2.സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ മഗ്ദലേനമറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ വന്നു. അപ്പോൾവലിയ ഒരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗത്തിൽ നിന്നിറങ്ങിവന്ന്, കല്ലുരുട്ടിമാറ്റി,അതിൻമേൽ ഇരുന്നു. അവന്റെ രൂപം മിന്നൽപ്പിണർപോലെ ആയിരുന്നു. വസ്ത്രം മഞ്ഞുപോലെ വെളുത്തതും. അവനെക്കുറിച്ചുള്ള ഭയം നിമിത്തം കാവൽക്കാർ വിറപൂണ്ട് മരിച്ചവരെപ്പോ

ലെയായി. ദൂതൻ സ്ത്രീകളോടു പറഞ്ഞു.ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട യേശുവിനെയാണു നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല; താൻ അരുളിചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു.
3. എന്നാൽ കർത്താവിന്റെ വചനം നിത്യം നിലനിൽക്കുന്നു. ആ വചനം തന്നെയാണു നിങ്ങളോടു പ്രസംഗിക്കപ്പെട്ട സുവിശേഷം (1:25)

**നാലാം സ്ഥാനം**

**A വിഭാഗം**

1. അമൽ സെബാസ്റ്റ്യൻ- പൊന്നങ്കോട്
2. അശ്വിൻ കന്നുംകുളമ്പിൽ-കാഞ്ഞിരപ്പുഴ
3. ഏയിഞ്ചലിൻ ജോജി-തച്ചനടി
4. ജോമി വട്ടക്കാനയിൽ- പാലക്കുഴി
5. ജേക്കബ് തോമസ് -ആലങ്ങാട്
6. ബ്രിജിത്ത് അബ്രാഹം-കാരറ
7. ക്രിസ്റ്റീന തോമസ് -കടമ്പഴിപ്പുറം

**B വിഭാഗം**

1. അമന്റ ബെന്നി- പൊന്നങ്കോട്
2. ഏയ്ഞ്ചലീന അബ്രാഹം- പുലാപ്പറ്റ
3. ജെൻസി പി. ജോൺ- കാരറ
4. ലിസ്മോൾ സ്ക്കറിയ-കടപ്പാറ
5. രേഷ്മ രാജു-കണ്ണമ്പ്ര
6. സിനോൾ ബെന്നി-പന്തലാംപാടം
7. സാന്ദ്രമരിയ ജെ-ഷൊറണൂർ.

**C വിഭാഗം**

1. അന്നു ചെറിയാൻ- മേഴ്സി കോളേജ്
2. സി. ആൻലിയ D.D.P -ചന്ദ്രനഗർ
3. റോസ്മാറ്റിക് ചാലുങ്കൽ-ചന്ദ്രനഗർ
4. മരിയ ജോസഫ് - കോട്ടായി
5. ലിജി തോമസ് - വിമൽറാണി.
6. ജോത്സന ജോസഫ്- പൂഞ്ചോല
7. രശ്മി ജേക്കബ്- ഒലവക്കോട്.

**D.വിഭാഗം**

1. സാലി തോമസ്- തിരുവിഴാംകുന്ന്
2. സണ്ണി ചിറയത്ത് - കഞ്ചിക്കോട്
3. Sr. ബിൽസി റാഫേൽ CHF- ആനക്കല്ല്
4. Sr. ഫ്രാൻസിറ്റ D.D.P -പുലാപ്പറ്റ
5. ആഷാ ഡെന്നി-പരുത്തിക്കാട്
6. സോണിയ ജോസഫ്-കോട്ടായി
7. Sr ഹെൽന D.D.P - പുലാപ്പറ്റ.

**E.വിഭാഗം**

1. ജോണി. കെ.കെ- കൊഴിഞ്ഞാംപാറ
2. റോസമ്മമാത്യു- പൊൻകണ്ടം
3. സെലിൻ സെബാസ്റ്റ്യൻ-ചിറ്റിലഞ്ചേരി
4. അച്ചാമ്മ ചൊരുക്കാവുങ്കൽ-പന്തലാംപാടം
5. ലീലാമ്മ മാത്യു-ചീനിക്കപ്പാറ
6. അന്നമ്മ ജോൺ -കടമ്പൂർ
7. Sr പ്രഭ CHF-പാലന

**അഞ്ചാംസ്ഥാനം**

**A. വിഭാഗം**

1. റിജ ജോർജ്- കണ്ടമംഗലം
2. സ്റ്റെഫിൻ ജോമി-മണ്ണാർക്കാട്
3. അനൂപ് P.T- കാഞ്ഞിരപ്പുഴ
7. ജോയ്സി കുര്യൻ-കാരാകുർശ്ശി
5. അഖില- പുല്ലിശ്ശേരി
6. ക്രിസ്റ്റീന മാത്യു- അഗളി
7. ജിൻസൺ കെ. ജോർജ്-കത്തീഡ്രൽ
8 സനൂപ് P.T- കാഞ്ഞിരപ്പുഴ
9. ക്രിസ്റ്റീന സാലിജോസ്-പട്ടാമ്പി
10. ജോയേൽ അബ്രാഹം- കൊഴിഞ്ഞാപാറ
11. റിനു ജോബ്- പുലാപ്പറ്റ.
12. ജെറിടോം- കാഞ്ഞിരപ്പുഴ
13. മരിയ കെ. ഡാർലിൻ- കഞ്ചിക്കോട്
14. വിമൽ മത്താത്തിലാനിക്ക- പാലക്കുഴി
15. അലീന ബെന്നി- കടമ്പഴിപ്പുറം

**B.വിഭാഗം**

1. ദിയ ജോർജ്-മംഗലംഡാം
2. നമിത ജോർജ്- മംഗലംഡാം
3. ജെഫിൻ മാത്യു- കാഞ്ഞിരപ്പുഴ
4. സ്നേഹ ഷാജി- അഗളി
5. ഗ്രേസ് ആന്റു- കൊഴിഞ്ഞാമ്പാറ
6. ഡോണജോസഫ്- വിമൽ റാണി.





7. അർച്ചന ജോസഫ്- കൊഴിഞ്ഞാംപാറ
8. അനസ്റ്റി റോസ് ലാൽ -ഇരുമ്പകച്ചോല
9. മെറിൻ കെ. ഷാജി- വാൽക്കുളമ്പ്
10. മെറീന സണ്ണി- കഞ്ചിക്കോട്
11. ലിജു എം. സിബി-കാരറ
12. സാൻജോ സണ്ണി- കഞ്ചിക്കോട്
13. അജീന രാജൻ-കാഞ്ഞിരപ്പുഴ ഡാം.
14. സോഫി സുനിൽ- പൂഞ്ചോല
15. എഡ്വിൻ ജോസഫ്- സെന്റ് ജൂഡ്, മലമ്പുഴ

**C.വിഭാഗം**

1. ജോൺസി വി. ജോയ്-ചിറ്റൂർ, പാലക്കാട്
2. അനു-ടൗൺ ചർച്ച്
3. ആൻസി മരിയ- കണ്ണമ്പ്ര
4. മരിയ അഗസ്റ്റിൻ- പന്തലാംപാടം
5. എമിൽഡ ജോൺസൺ-സെന്റ് ജൂഡ്, മലമ്പുഴ
6. Sr. ഏയ്ഞ്ചല തെരേസ് CHF
7. ബ്ര. തോമസ് തുരുത്തേൽപാറൻ
8. മെറിൻ മുരിങ്ങാത്തേരി- ഇളവംപാടം
9. Sr. വിനയ DDP- ചന്ദ്രനഗർ
10. റെജി ജോൺ- പൂഞ്ചോല
11. Sr. സ്മിത DDP - പുലാപ്പറ്റ
12. ലെയ്ബി റോയ്- എടത്തനാട്ടുകര
13. ഷാരൺ-മെഴുകുംപാറ
14. Sr. സിൽവിയ DDP- ചന്ദ്രനഗർ
15. ജിൻസി ബെന്നി- മേഴ്സികോളേജ്

**D.വിഭാഗം**

1. ലില്ലി അലക്സ്-ടൗൺചർച്ച്
2. ഗ്രേസി ജേക്കബ്- കാരറ
3. ഫ്രീന റാഫേൽ-കൊഴിഞ്ഞാംപാറ
4. Sr. ഇസബെൽ CHF, പ്രൊവിൻഷ്യൽ ഹൗസ്
5. മിനി ജോസഫ്- ഒലിപ്പാറ
6. കുസുമം ജോസഫ്- കാഞ്ഞിരപ്പുഴ
7. ഷീബ തോമസ്- മുണ്ടൂർ
8. Sr. നിർമ്മൽ CMC- മേഴ്സി കോളേജ്
9. Sr. ജെസ്ഫിൻ OSF- അരപ്പാറ
10. ഓമന കുര്യൻ-പൂഞ്ചോല
11. ഡെന്നി തെങ്ങും പള്ളി- സ്നേഹഗിരി
12. Sr. ജോളി ജോസ് CHF, പൊന്നംകോട്
13. ജോമോൾ ജേക്കബ്- ചന്ദ്രനഗർ
14. മോളി ബാബു - മരിയനഗർ ചിറ്റടി
15. Sr ഷെറിൻ ഒ.പി., പൊന്നംകോട്

**Eവിഭാഗം**

1. Sr. ലുസല്ല CMC-പാലന
2. ആനിസ് അഗസ്റ്റ്യൻ- പാലപ്പുറം
3. സെലിൻ തോട്ടുപുറം-വചനഗിരി
4. ചിന്നമ്മ ജെയിംസ്- കടമ്പഴിപ്പുറം
5. മാത്യു മുഖാലയിൽ-ആലങ്ങാട്
6. ഗ്രേയ്സ് ജോണി- വടക്കഞ്ചേരി
7. Sr. മഞ്ജുള CHF- -ഒലവക്കോട്
8. ആനീസ് നെല്ലിശ്ശേരി-ഇളവംപാടം
9. ഗ്രേയ്സ് - കൊഴിഞ്ഞാമ്പാറ
10. Sr. സെസിൽ മരിയ CHF, വടക്കഞ്ചേരി
11. തെരേസിൻ- കൊഴിഞ്ഞാമ്പാറ
12. Sr. അൽഫോൻസ FCC, സെറാഫിക്
13. മേരിക്കുട്ടി ഫിലിപ്പ്- സെന്റ് ജൂഡ്
14. Sr. ജൂലി DST, ഒലിപ്പാറ
15. Sr.യൂജിൻ CMC, കടമ്പഴിപ്പുറം

കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾ:
1. വടക്കഞ്ചേരി-595
2. പൊന്നംകോട്-424
3. കാഞ്ഞിരപ്പുഴ-365

ആനുപാതികമായി കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ:-
1 കൊഴിഞ്ഞാമ്പാറ-79%
2. വാളയാർ- 72 %
3. കൊടുന്തിരപ്പള്ളി-69%

**റവ. ഫാ. ജോമിസ് കൊടകശ്ശേരി**
ഡയറക്ടർ ബൈബിൾ അപ്പസ്റ്റോലേറ്റ്

# അൾത്താരസംഘം

**അൾത്താരസംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

നവം. 05 ശനി 9.30 am to 4.00 pm ഒറ്റപ്പാലം ഫൊറോന
(ഫൊറോന പാരിഷ് ഹാൾ)

**അൾത്താരസംഘം ക്വിസ് മത്സരം**

ഈ വർഷത്തെ രൂപതാതല മത്സരം ഡിസംബർ 10 ശനി - പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തുന്നു.

**പഠനഭാഗം**

| | | |
|---|---|---|
| വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി (പേജ് 82-143) | | 50 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 25 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 10 മാർക്ക് |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ അൾത്താരസംഘം



# തിരുബാലസഖ്യം

**പ്രാർത്ഥനാ വിഷയം:** കുഞ്ഞുങ്ങളുടെ കൊച്ചുകൊച്ചു സഹനങ്ങൾ പാപികളുടെ മാനസാന്തരത്തിനുവേണ്ടി സമർപ്പിക്കുക

**സുകൃതജപം :**ഈശോയേ എന്റെ സ്നേഹിതനായിരിക്കേണമേ.

**പ്രവർത്തനങ്ങൾ:** തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുക.

**1. ഫൊറോനസെമിനാർ**

നവംബർ 05 - ഒറ്റപ്പാലം ഫൊറോന സെമിനാർ

**2. തിരുബാലസഖ്യം കലോത്സവം**

പ്രിയ ബഹു. അച്ചാ, ആനിമേറ്റർ, കുഞ്ഞുങ്ങളേ,

തിരുബാലസഖ്യം രൂപതാ കേന്ദ്രത്തിൽ നിന്നും പ്രാർത്ഥനാശംസകൾ.....

സഖ്യത്തിൽപെട്ട കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചക്കായി പരിശ്രമിക്കുന്നതോടൊപ്പം അവരുടെ നൈസർഗികകഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ഫൊറോന, രൂപതാതല മത്സരങ്ങൾ ഈ വർഷവും നമുക്കൊരുമിച്ച് നടത്താം. രൂപതാതല മത്സരം നടത്താൻ തീരുമാനിച്ചിരിക്കുന്നത് **2012 ഫെബ്രുവരി 11-ാം** തിയ്യതിയാണ്. അതിനുമുമ്പായി ഫൊറോന മത്സരങ്ങൾ നടത്തേണ്ടതുണ്ട്. അതിനാൽ നവംബർ, ഡിസംബർ,ജനുവരി മാസങ്ങളിലായി ഫൊറോനതല മത്സരം നടത്തി രൂപതയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റുകൾ **2012 ജനുവരി 8ന്** മുമ്പായി രൂപതയിൽ ഏല്പിക്കേണ്ടതാണ്. ഫൊറോന മത്സരങ്ങളുടെ നടത്തിപ്പിനായുള്ള പണം ഇടവകകളിൽ നിന്ന് തന്നെ ശേഖരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.





ഇടവകതലത്തിൽ വ്യക്തിഗത ഇനങ്ങളിലും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് ഫൊറോന തലത്തിൽ മത്സരിക്കാവുന്നതാണ്.

ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും, കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനവും കരസ്ഥമാക്കുന്നവർക്ക് രൂപത തലത്തിൽ മത്സരിക്കാവുന്നതാണ്.

**വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടിക്ക് 4 എണ്ണത്തിലേ പങ്കെടുക്കാവൂ. മതബോധനത്തിന് 4-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾ മാത്രമാണ് തിരുബാലസഖ്യം അംഗങ്ങൾ.** ആദ്യകുർബാന സ്വീകരണത്തിന്റെ അടിസ്ഥാനത്തിലല്ല തിരുബാലസഖ്യം അംഗങ്ങളെ നിശ്ചയിക്കുന്നത്. ഒരു മത്സരത്തിനും ആൺ-പെൺ വേർതിരിവുണ്ടായിരിക്കുന്നതല്ല.

**മത്സര ഇനങ്ങൾ**

**ജൂനിയേഴ്സ്** (1,2 ക്ലാസുകളിൽ പഠിക്കുന്നവർ)

ലളിതഗാനം, ആക്ഷൻ സോംഗ്, ബൈബിൾ കഥപറയൽ, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്.

**സീനിയേഴ്സ്** (3, 4, ക്ലാസുകളിൽ പഠിക്കുന്നവർ)

ലളിതഗാനം, ഗ്രൂപ്പ്സോംഗ്, ആക്ഷൻസോംഗ്, ബൈബിൾ പാരായണം, കഥാപ്രസംഗം, ബൈബിൾ വാക്യങ്ങൾ എഴുതൽ, പെൻസിൽ ഡ്രോയിംഗ്, പ്രസംഗം, ക്വിസ്.

**മത്സരനിയമാവലി**

**ലളിതഗാനം:** ക്രിസ്തീയഗാനങ്ങൾ ആയിരിക്കണം. സമയം: 5 മിനിട്ട്

**ആക്ഷൻ സോംഗ്:** കുറഞ്ഞത് 4 പേർ. 7 പേരിൽ കൂടരുത്. കുട്ടികൾ തന്നെ പാടി കളിക്കണം. ഒരു ആക്ഷൻസോംഗ് മാത്രമേ അവതരിപ്പിക്കാവൂ. ക്രിസ്തീയ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാകണം. സമയം: 5 മിനിട്ട്

**ബൈബിൾ കഥപറയൽ:** ബൈബിൾ കഥ തന്നെയായിരിക്കണം. സമയം: 5 മിനിട്ട്

**പ്രസംഗം:** സമയം: 5 മിനിട്ട്

*വിഷയം:* പൗലോസ് ശ്ലീഹായുടെ പ്രേഷിത തീക്ഷ്ണത **(സീനിയേഴ്സ്)**
വി. അൽഫോൻസ, കുഞ്ഞുമിഷനറിയാകാൻ ഉത്തമ മാതൃക **(ജൂനിയേഴ്സ്)**

**പെൻസിൽ ഡ്രോയിംഗ്**: നല്കുന്ന ചിത്രമോ, ശിൽപമോ നോക്കി വരയ്ക്കുക, 45 മിനിട്ട് സമയം.

**ഗ്രൂപ്പ്സോംഗ്:** ക്രിസ്തീയ ഗാനം ആയിരിക്കണം. ഒരു ടീമിൽ ചുരുങ്ങിയത് 4 പേർ. 7 പേരിൽ കൂടാൻ പാടില്ല. ഒരു സംഗീത ഉപകരണവും അനുവദനീയമല്ല. സീനിയർ വിഭാഗത്തിൽ മാത്രമേ മത്സരമുള്ളൂവെങ്കിലും കുട്ടികൾ തികയുന്നില്ലെങ്കിൽ ജൂനിയേഴ്സിനെക്കൂടി ഇതിൽ പങ്കെടുപ്പിക്കാം. സമയം: 5 മിനിട്ട്

**ബൈബിൾ പാരായണം.** പുതിയനിയമത്തിൽനിന്നും നിശ്ചിത ഭാഗം വായിക്കുവാൻ കൊടുക്കുന്നതാണ്. അധ്യായവും വാക്യവും പറയണം. വി.ഗ്രന്ഥത്തോടുള്ള ആദരവ്, വായിക്കുന്ന രീതി, സ്ഫുടത, പുസ്തകപരിചയം എന്നിവ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

**കഥാപ്രസംഗം:** ബൈബിളിലെ കഥ തന്നെയായിരിക്കണം. പിന്നണി അനുവദനീയമല്ല. 15 മിനിട്ട് സമയം

**ബൈബിൾ വാക്യങ്ങൾ എഴുതൽ:** പുസ്തകത്തിന്റെ പേര്, അധ്യായം, വാക്യം എന്നിവ കൃത്യമായിരിക്കണം. ഉദ്ദേശിക്കുന്ന വാക്യംമുഴുവൻ എഴുതണം. ഒരു ഭാഗത്തിലെ വചനങ്ങൾ തുടർച്ചയായി എഴുതാൻ പാടില്ല. പി.ഒ.സി ബൈബിൾ ഉപയോഗിക്കുക. സമയം: 10 മിനിട്ട്

**ക്വിസ്മത്സരം :** സീനിയേഴ്സിന് മാത്രമാണ് മത്സരം. ഇടവകയിൽ നിന്ന് ഒന്നാംസ്ഥാനം നേടുന്നവർക്ക് ഫൊറോനയിലും, ഫൊറോനയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് രൂപതയിലും മത്സരിക്കാം. 2 പേരടങ്ങുന്ന ടീമാണ് മത്സരിക്കേണ്ടത്.

**വിഷയങ്ങൾ.**

a. വിശ്വാസ പരിശീലനത്തിന് ഒരു വഴി കാട്ടി **(80%)**

പേജ് 39-44 (സുവിശേഷങ്ങൾ മുതൽ അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ വരെ)

പേജ് 51-66 ( പൊതു വിവരങ്ങൾ മുതൽ സുനഹദോസുകൾ വരെ)

പേജ്82-87 (ആരാധനക്രമം മുതൽ കുമ്പസാരം വരെ)

പേജ് 102-104 ( പരിശുദ്ധ കന്യാമറിയം മുതൽ അപ്പസ്തോലന്മാർ വരെ)

b. പാലക്കാട് രൂപത, തിരുബാലസഖ്യം സംബന്ധിച്ച പൊതുചോദ്യങ്ങൾ **(20%)**

**3. തിരുബാലസഖ്യം ആൽബം മത്സരം**

"സുവിശേഷങ്ങളിലെ യേശു" എന്നതാണ് വിഷയം. ഈ വിഷയത്തെ ആസ്പദമാക്കിയുള്ള ബൈബിൾ സംഭവങ്ങൾ, ചിത്രങ്ങൾ, ഫോട്ടോകൾ





എന്നിവ ഏറ്റവും മനോഹരമായ രീതിയിൽ ക്രമീകരിച്ചുണ്ടാക്കുന്ന ആൽബങ്ങളാണ് മത്സരത്തിന് ഉദ്ദേശിക്കുന്നത്. ആൽബത്തിന്റെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. 15 പേജിൽ കൂടാനോ 10 പേജിൽ കുറയാനോ പാടില്ല. ഒരു ഇടവകയിൽ നിന്ന് ഒരു ആൽബമേ സ്വീകരിക്കൂ. ഇടവകയിൽ നിന്നുള്ള ആൽബങ്ങൾ ജനുവരി 15-ന് മുമ്പ് ഫൊറോന ഡയറക്ടറെ ഏല്പ്പിക്കുകയും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവ 2012 ജനുവരി 30 ന് മുമ്പ് രൂപതയിൽ എത്തിക്കേണ്ടതുമാണ്. ആൽബത്തിന് ഓരോ യൂണിറ്റിനും ഇഷ്ടമുള്ള പേരുകൾ നൽകാവുന്നതാണ്. ആവശ്യമായ അടിക്കുറിപ്പുകൾ ആൽബത്തിൽ ഉപയോഗിക്കാവുന്നതാണ്. കുഞ്ഞുങ്ങളുടെ കഴിവും, ഒരുമയും വികസിപ്പിക്കലാണ് ഇതിന്റെ ലക്ഷ്യം എന്നതിനാൽ ആനിമേറ്റർമാരുടെ നിർദ്ദേശപ്രകാരം കുഞ്ഞുങ്ങൾ തന്നെയാണ് ആൽബം ക്രമീകരിക്കേണ്ടത്.

**ശ്രദ്ധിക്കുക**

1. തിരുബാലസഖ്യം സംഘടനയുമായി ബന്ധപ്പെടുന്ന ഏത് പരിപാടിക്ക് വരുമ്പോഴും കുട്ടികൾക്കെല്ലാവർക്കും ബാഡ്ജ് ഉണ്ടായിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.
2. 'ഗ്രൂപ്പ് സോംഗ്' മത്സരം സീനിയർ വിഭാഗത്തിൽ മാത്രമെ ഉണ്ടായിരിക്കുകയുള്ളൂ. സീനിയർ വിഭാഗത്തിൽ കുട്ടികൾ തികയാത്ത ഇടവകകൾ മാത്രമെ ജൂനിയേഴ്സിന്റെ എൻട്രി ഫോമിൽ പൂരിപ്പിക്കേണ്ടതായിട്ടുള്ളൂ.
3. മത്സരത്തിനായുള്ള എൻട്രി ഫോമുകൾ ഫൊറോന ഡയറക്ടർ അച്ചന്മാരെ ഏല്പ്പിച്ചിട്ടുണ്ട്. അത് വാങ്ങി പൂരിപ്പിക്കുവാൻ ശ്രദ്ധിക്കുക.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## ചെറുപുഷ്പ മിഷൻ ലീഗ്

**ശാന്തിദൂതുമായ്**

**2011 നവംബർ - കർമ്മപരിപാടികൾ**

**01 ചൊവ്വ** സകല വിശുദ്ധരുടെയും തിരുനാൾ.

**02 ബുധൻ** സകല മരിച്ചവരുടെയും ഓർമ്മതിരുന്നാൾ. മരണമടഞ്ഞുപോയ മിഷൻ ലീഗ് അംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.

**12 ശനി** സംസ്ഥാന കലോത്സവം- തലശ്ശേരി രൂപതയിലെ സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ.

**15 ചൊവ്വ** മുൻ സംസ്ഥാന ഡയറക്ടർ റവ. ഫാ. പീറ്റർ ഊരാളിൽ ചരമദിനം.

**22. ചൊവ്വ** മിശിഹായുടെ രാജത്വതിരുനാൾ.

**അനുബന്ധപ്രവർത്തനങ്ങൾ**

**പ്രാർത്ഥനാ നിയോഗം-** സഭാ അധികാരികൾക്കുവേണ്ടി

സംസ്ഥാന വിജയികളെ ശാഖകളിൽ ആദരിക്കുക

ഇരുപത്തിയഞ്ച് നോമ്പിന്റെ ഒരുക്കങ്ങൾ തുടങ്ങുക.

ശാഖകളിൽ സെമിനാറുകൾ നടത്തുക.

(വിഷയം നോമ്പിന്റെ പ്രസക്തി, പ്രേഷിത പ്രവർത്തനം എന്റെ കാഴ്ചപ്പാടിൽ/ ആധുനിക കാലഘട്ടത്തിൽ)

**സുകൃതജപം:** “ഈശോയെ അങ്ങയുടെ രാജ്യത്തിൽ എന്നെയും ഓർക്കണമെ”

**ഫാ. നിലേഷ് തുരുത്തുവേലിൽ**

ഡയറക്ടർ, സി. എം. എൽ.

# കെ. സി. എസ്. എൽ

**കെ.സി.എസ്.എൽ ദിനാഘോഷവും കലാമത്സരങ്ങളും**

ഈ വർഷത്തെ രൂപതാ കെ.സി.എസ്.എൽ ദിനാഘോഷവും കലാമത്സരങ്ങളും ഡിസംബർ 3-ാം തിയ്യതി ശനിയാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. മത്സരങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി കെ.സി.എസ്.എൽ മാർഗ്ഗരേഖ കാണുക.

കലാമത്സരങ്ങളിൽ ഒരു സ്കൂളിൽ നിന്ന് ഒരു വിഭാഗത്തിൽ ഒരു വിദ്യാർത്ഥിക്കുമാത്രമേ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

മത്സരത്തൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ലഭിക്കേണ്ട അവസാന ദിവസം നവംബർ 15 ആണ്. അതിന് ശേഷം ലഭിക്കുന്നവ ഒരുകാരണവശാലും സ്വീകരിക്കുന്നതല്ല. ആനിമേറ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുക.

**ക്രിസ്തുമസ് കാർഡ്**

കെ.സി.എസ്.എൽ ഈ വർഷവും ക്രിസ്തുമസ് കാർഡ് വിതരണം നടത്തുന്നു. എല്ലാ സ്കൂളുകളും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

രൂപതാ സാഹിത്യമത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദിയും വിജയികൾക്ക് അഭിനന്ദനങ്ങളും നേരുന്നു.

**സംസ്ഥാന സാഹിത്യോത്സവം-2011 നവംബർ 12**

തൃശൂർ സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിൽ രാവിലെ 9.30 ന് ആരംഭിക്കും. രൂപതാ മത്സരത്തിൽ വിജയികളായവരെ സംസ്ഥാന മത്സരത്തിനായി പ്രത്യേകം ഒരുക്കാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.





**കയ്യെഴുത്ത് മാസിക**

A4 സൈസ് പേപ്പർ എണ്ണം 50-ൽ കുറയുവാനും 100ൽ കൂടുതലാകുവാനും പാടില്ല.15 കുട്ടികൾ വീതം ഓരോ വിഭാഗത്തിലും പങ്കെടുക്കാം. പേപ്പർ, പേന, പെൻസിൽ, ചിത്രം വരയ്ക്കാനാവശ്യമായ സാമഗ്രികൾ ടീം അംഗങ്ങൾ കൊണ്ടുവരേണ്ടതാണ്. മത്സരസമയം 3 മണിക്കൂർ.

**ഈ വർഷത്തെ സ്റ്റഡിസർക്കിൾ വിഷയങ്ങൾ:**

**HSS.** ധാർമ്മികതയ്ക്ക് തകർച്ച നേരിട്ടാൽ ശാസ്ത്രസാങ്കേതിക പുരോഗതി നിർത്ഥകമാണ്.

**HS.** ശാസ്ത്രസാങ്കേതികപുരോഗതിയുടെ കൊടുമുടിയിൽ മതവിശ്വാസത്തിന്റെ പ്രസക്തി.

**UP.** ലോകം ആഗോളഗ്രാമമാകുമ്പോഴും മനുഷ്യജീവനും കുടുംബവും പരമപ്രധാനമാണ്.

**സാഹിത്യമത്സരങ്ങളുടെ സമയദൈർഘ്യം**

1. വി.അൽഫോൻസ ക്വിസ്, ഏവുപ്രാസ്യാമ്മ ക്വിസ്, മറിയം ത്രേസ്യ ക്വിസ് ബൈബിൾ വാക്യ മത്സരം, കെ.സി.എസ്.എൽ ക്വിസ് - 30 മിനിട്ട്
2. സ്കോളർഷിപ്പ്, കവിതാരചന, ചെറുകഥാരചന, ഉപന്യാസ രചന ജനറൽ ക്വിസ് - 1 മണിക്കൂർ
3. ചിത്രരചന - 2 മണിക്കൂർ
4. കയ്യെഴുത്ത് മാസിക (On the spot) 3 മണിക്കൂർ

**10. രൂപതാതല സാഹിത്യമത്സരത്തിലെ വിജയികൾ**

**യു.പി. വിഭാഗം**

**1. അൽഫോൻസ ക്വിസ്**

1. ക്രിസ്റ്റീന മാത്യു& ആഗസ് പി. ജോൺ- മൗണ്ട് കാർമ്മൽ ജെല്ലിപ്പാറ
2. ഡോണ ജോർജ് & മെർളിമോൾ റോയ് - സെന്റ് തോമസ് കയറാടി.
3. ഏയ്ഞ്ചൽ മേരി & ജീനജോസ്- ചെറുപുഷ്പം വടക്കുഞ്ചേരി

**2. ബൈബിൾ വാക്യ മത്സരം**

1. ഹർഷ കെ. ജോൺ - ചെറുപുഷ്പം,വടക്കുഞ്ചേരി
2. റോഷൻ ജോസഫ്- സെന്റ് തോമസ്
3. അബിത- ഹോളിഫാമിലി, കാഞ്ഞിരപ്പുഴ

**3. കെ.സി.എസ്.എൽ ക്വിസ്**

1. ഡോണ ജോർജ്ജ് & മെർളിമോൾ റോയ്- സെന്റ് തോമസ്, കയറാടി.
2. സൗമ്യജേക്കബ്& അഞ്ചിത സജി - കാർമ്മൽ, പാലക്കയം
3. അമൽ ജോബ് & ജിതിൻ ജിജി -ഹോളി ട്രിനിറ്റി, ത്രിത്വമല

**4. ജനറൽ ക്വിസ്**

1. ഹർഷ കെ. ജോൺ & ജോമിജോണി- ചെറുപുഷ്പം വടക്കഞ്ചേരി.
2. സാവിയോ ബിജു& റോസ് മരിയറ്റ് ജോസ്- അസ്സീസ്സി കഞ്ചിക്കോട്.
3. അനിമോൾ കെ. & അനു ജോസഫ് - സെന്റ് തോമസ് കയറാടി.

**5. ഫാ. ഔറേലിയൂസ് സ്കോളർഷിപ്പ്**

1 അനുജോസഫ് -സെന്റ് തോമസ്, കയറാടി.
2. ഏയ്ഞ്ചൽ മേരി ജോസ്- ചെറുപുഷ്പം വടക്കുഞ്ചേരി
3. ടിന ജോസ്- ചെറുപുഷ്പം, വടക്കുഞ്ചേരി
4. ക്രിസ്റ്റീന മാത്യു- മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ
5. മിന്നു എലിസബത്ത്-സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം
6. സ്വപ്ന ആൽഫ്രെഡ് - ചെറുപുഷ്പം, വടക്കഞ്ചേരി
7. അനിറ്റ പി. ബാബു - സെന്റ് തോമസ്, ഒലവക്കോട്
8. ആഗ്നസ് പി. ജോൺ - മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ
9. ആഗ്നൽ ബിനീഷ് ജെ. - മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ
10. നിതിൻ ജോൺ-ഹോളിഫാമിലി കാഞ്ഞിരപ്പുഴ

**6. ഉപന്യാസം**

1. ജെറി ടോം -ഹോളി ഫാമിലി, കാഞ്ഞിരപ്പുഴ
2. സൗമ്യ ജേക്കബ്- കാർമ്മൽ, പാലക്കയം
3. ഏയ്ഞ്ചൽ സൂസൻ സണ്ണി- ചെറുപുഷ്പം, വടക്കഞ്ചേരി

**7. ചെറുകഥ**

1. ജോമി ജോണി- ചെറുപുഷ്പം, വടക്കഞ്ചേരി
2. റ്റിബിന ജോർജ്ജ്- മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ
3. അനൂപ് പി.റ്റി. ഹോളി ഫാമിലി, കാഞ്ഞിരപ്പുഴ

**8. കവിത**

1 ഏയ്ഞ്ചൽ സൂസൻ സണ്ണി-ചെറുപുഷ്പം, വടക്കഞ്ചേരി
2. ഡോണ ട്രീസ- സെന്റ് ആൻസ്, മുട്ടിക്കുളങ്ങര
3. സ്നേഹ തോമസ് - ലൂർദ്ദ് മാതാ, മംഗലംഡാം.

**9. ചിത്രരചന**

1. സഞ്ജീവ് ജോൺ എ. -അസ്സീസി, കഞ്ചിക്കോട്
2. അന്റോണിയോ. ടി സ്റ്റാനി- സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം
3. ജിസ്നി - ചെറുപുഷ്പം, വടക്കഞ്ചേരി

**10. കയ്യെഴുത്ത് മാസിക**

1 സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം





2. ചെറുപുഷ്പം, വടക്കഞ്ചേരി
3. മൗണ്ട് കാർമ്മൽ ജെല്ലിപ്പാറ

**എച്ച്.എസ്. വിഭാഗം**

1. ഏവുപ്രാസ്യമ്മ ക്വിസ്

1. അർലിൻജോയ്&അർഡിൻജോയ്- സെന്റ് ഡൊമിനിക് ശ്രീകൃഷ്ണപുരം
2. ഐറിൻ ബാബു&അഞ്ജന ബേബി- ചെറുപുഷ്പം വടക്കഞ്ചേരി
3. ലിൻസമരിയഅലോഷ്യസ്&സ്നേഹഷാജി മൗണ്ട്കാർമ്മൽജെല്ലിപ്പാറ.

**2. ബൈബിൾ വാക്യമത്സരം**

1. സാഹി ആൻ ജോർജ്ജ്- ചെറുപുഷ്പം, വടക്കഞ്ചേരി
2. മെറീന സണ്ണി- അസ്സീസി, കഞ്ചിക്കോട്
3. ജെഫിൻ മാത്യു- സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം

**3. കെ.സി.എസ്.എൽ ക്വിസ്**

1. അനുമോൾ ഏലിയാസ് & ജെൻസി.പി ജോൺ- മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ
2. അനഘ ബേബി & സിനോജ് ബെന്നി- ചെറുപുഷ്പം, വടക്കഞ്ചേരി
3. അനുറോയി & സിൽറ്റ തോമസ്- ലൂർദ്മാതാ, മംഗലംഡാം.

**4. ജനറൽ ക്വിസ്**

1 അമൽഷ വി.എസ്&ഷോൺ തോമസ്, സെന്റ് ഡൊമിനിക് ശ്രീകൃഷ്ണ പുരം
2. അനഘ ബേബി & സിനോൽ ബെന്നി- ചെറുപുഷ്പം, വടക്കഞ്ചേരി
3. സാൻജോ സണ്ണി& മെറീന സണ്ണി- അസ്സീസി, കഞ്ചിക്കോട്

**5. ഫാ. ഒണേരെ സ്കോളർഷിപ്പ്**

1 അനഘ ബേബി- ചെറുപുഷ്പം വടക്കഞ്ചേരി
2, സാന്ദ്ര ബെന്നി- സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം
3. സ്നേഹ ഷാജി -മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ
4. ഐറിൻ ബാബു -ചെറുപുഷ്പം, വടക്കഞ്ചേരി
5. ലിൻസ മരിയ- മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ
6. അഞ്ജന ബേബി- ചെറുപുഷ്പം, വടക്കഞ്ചേരി
7. അനില പി. ബാബു - സെന്റ് തോമസ്, ഒലവക്കോട്
8. അഞ്ജലി നെബു-സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം
9. ജെസ്ന ജോസഫ് മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ
10. ടീന ഫാറ്റിൻ- ഹോളി ട്രിനിറ്റി, ത്രിത്വമല

**6. ഉപന്യാസം**

1 അനില മാത്യു - ലൂർദ് മാതാ, മംഗലംഡാം.

2. അമൃതഫിലിപ്പ്. പി.- ചെറുപുഷ്പം, വടക്കഞ്ചേരി
3. സ്നേഹ മരിയ റോയി- ഹോളിട്രിനിറ്റി, ത്രിത്വമല

**7. ചെറുകഥ**

1. അനൈഡ ആൻ ജേക്കബ്- സെന്റ് റാഫേൽസ്,പാലക്കാട്
2. ജോർജ്ജ്കുട്ടി അലോഷ്യസ്- മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ
3. അനു ആന്റോ -ലൂർദ്മാതാ, മംഗലംഡാം.

**8. കവിത.**

1. സോന ജോസ് - സെന്റ് പീറ്റേഴ്സ്, കൂക്കംപ്പാളയം
2. ജിസ്മിതോമസ്- ചെറുപുഷ്പം, വടക്കഞ്ചേരി
2. ഡയാനജോസ് സെന്റ് തോമസ് ഒലവക്കോട്.

**9. ചിത്രരചന**

1. മരിയ ലൂക്കോസ് -സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം
2. അഖില- ചെറുപുഷ്പം, വടക്കഞ്ചേരി
3. ഷെറിൻ ഷാജി- സെന്റ് പീറ്റേഴ്സ് കുക്കംപാളയം

**10. കയ്യെഴുത്ത് മാസിക**

1. സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം
2. ചെറുപുഷ്പം, വടക്കഞ്ചേരി
3. ലൂർദ്മാതാ, മംഗലം ഡാം.

**എച്ച്.എസ്.എസ് വിഭാഗം**

1 മരിയം ത്രേസ്യ ക്വിസ്

1. ഹെമിൽഡാ ജോസ് & നീനുവിൻസെന്റ്- ചെറുപുഷ്പം വടക്കഞ്ചേരി.
2. ജോൺസി വി. ജോയ് & ജിസ്മേരിജോ ടി.ജെ- വിജയമാതാ ചിറ്റൂർ
3. അജിത് തോമസ്സ് & ടിജു സി.റ്റി- കാർമ്മൽ, പാലക്കയം

**2. ബൈബിൾ വാക്യ മത്സരം**

1 സംഗീത സജീവ്- ചെറുപുഷ്പം വടക്കഞ്ചേരി
2. ആൻമേരി തോമസ്- സെന്റ് ആൻസ് മുട്ടിക്കുളങ്ങര
3. അനുഗ്രഹ മേരി ഫ്രാൻസിസ് - ആരോഗ്യമാതാ, കോട്ടത്തറ

**3. കെ.സി.എസ്.എൽ ക്വിസ്**

1. ഡിറ്റി സേവ്യർ & ജിയ എബ്രാഹം- ചെറുപുഷ്പം, വടക്കഞ്ചേരി
2. നീന മാത്യു & ജെനിഫർ എം.ഡി- ആരോഗ്യമാതാ, കോട്ടത്തറ
3. ജിസ് മേരിജോ. ടി.ജെ & ജോൺസി വി ജോയ് - വിജയമാതാ ചിറ്റൂർ

**4. ജനറൽ ക്വിസ്**

1 സുഷ്മിത സജീവ്& സംഗീത സജീവ്- ചെറുപുഷ്പം, വടക്കഞ്ചേരി
2. അന്ന മരിയ ജോർജ്ജ് & ട്രീസ മരിയ എൻ.ആർ, വിജയമാതാ, ചിറ്റൂർ





3. മിഥുൻ ആന്റണി & ജിനോജോസഫ്- ലൂർദ്മാതാ മംഗലം ഡാം.

**5. ജോൺ നിധീരി സ്കോളർഷിപ്പ്**

1 സംഗീത സജീവ്- ചെറുപുഷ്പം, വടക്കഞ്ചേരി
2. സുഷ്മിത സജീവ്- ചെറുപുഷ്പം, വടക്കഞ്ചേരി
3. ഷിഞ്ചുബെന്നി- ചെറുപുഷ്പം, വടക്കഞ്ചേരി
4. ജോൺസിവി.ജോയി -വിജയമാതാ, ചിറ്റൂർ
5. അഞ്ജന വൽസൻ-സെന്റ് തോമസ്, ഒലവക്കോട്
6. ജോവ്നജെറ്റോ- സെന്റ് തോമസ്, ഒലവക്കോട്
7. ജെനിഫെർ എം.ഡി. ആരോഗ്യമാതാ, കോട്ടത്തറ
8. ചാർളി വിൽസൻ- സെന്റ് ഡൊമിനിക് ശ്രീകൃഷ്ണപുരം
9. ജെറിൻ ജേക്കബ് മാത്യു-സെന്റ് ആൻസ്, മുട്ടികുളങ്ങര
10. ആൽബി ജോബ്-ആരോഗ്യമാതാ, കോട്ടത്തറ

**6. ഉപന്യാസം**

1. മിഥുൻ ആന്റണി- ലൂർദ്ദമാതാ, മംഗലംഡാം
2. അമല എ.തോമസ്സ്- സെന്റ് തോമസ്, ഒലവക്കോട്
3. ബിൻസി ബേബി- ചെറുപുഷ്പം, വടക്കഞ്ചേരി

**7.ചെറുകഥ**

1 അന്ന മരിയ ജോർജ്ജ് - വിജയമാതാ, ചിറ്റൂർ
2. ആൻസ് കെ.എ - ചെറുപുഷ്പം, വടക്കുഞ്ചേരി
3. റാണി ജോൺസൺ- ലൂർദ്ദ്മാതാ മംഗലംഡാം.

**8.കവിത**

1 അന്ന മരിയ ജോർജ്ജ്- വിജയമാതാ, ചിറ്റൂർ
2. ഷെറിൻ ബേബി - ആരോഗ്യമാതാ, കോട്ടത്തറ
3. മരിയ ജോസഫ് - സെന്റ് ആൻസ് മുട്ടിക്കുളങ്ങര

**9. ചിത്രരചന**

1. രഞ്ജിത് ടോമി - കാർമ്മൽ പാലക്കയം
2. ബിൻസി ബേബി - ചെറുപുഷ്പം, വടക്കഞ്ചേരി
3. ബെറ്റിമോൾ കെ. ആരോഗ്യമാതാ, കോട്ടത്തറ

**10. കയ്യെഴുത്ത് മാസിക**

1 കാണിക്കമാതാ പാലക്കാട്
2. ആരോഗ്യമാതാ, കോട്ടത്തറ
3. സെന്റ് തോമസ്, ഒലവക്കോട്

**ഫാ. ജിൻസ് പ്ലാത്തോട്ടത്തിൽ**
ഡയറക്ടർ, കെ.സി.എസ്.എൽ.

# സി. എൽ. സി

**രൂപതാ കലാ-കായിക മത്സരങ്ങൾ**

നവംബർ 7-ാം തിയ്യതി നടത്താൻ നിശ്ചയിച്ചിരുന്ന സി.എൽ.സി രൂപതാ കലാ-കായിക മത്സരങ്ങൾ ഡിസംബർ 5-ാം തിയ്യതിയിലേക്ക് മാറ്റി നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ആയതിനാൽ മത്സരത്തിനുള്ള രജിസ്ട്രേഷൻ ഫോമുകൾ നവംബർ 10നകം കിട്ടത്തക്കവിധം രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ. നവംബർ 10ന് ശേഷം ലഭിക്കുന്ന ഫോമുകൾ പരിഗണിക്കുന്നതല്ല.

2011 ആഗസ്റ്റ് 25-ാം തിയ്യതി നടന്ന ക്വിസ്മത്സര വിജയികൾക്ക് ആശംസകൾ

**Junior**

| | | |
|---|---|---|
| Ist | Namitha George & Nivya Pamplayil | St. Xaviers, Mangalamdam |
| IInd | Theres Thoams & Austin Sanesh | St. Antony's, Ponnamkode |
| IIIrd | Sebastian Alex & Mariya James | St. Mary's, Chittady |

**Senior**

| | | |
|---|---|---|
| Ist | Jithin Raj & Alen Tom | Christ the King, Nemmara |
| IInd | Aleena Benny & Amenta Benny | At. Antony's, Ponnamkode |
| IIIrd | Jisto & Kiju | St. Xavier's Mangalamdam |

2011 ഒക്ടോബർ 5-ാം തിയ്യതി നടന്ന മാർ ജോസഫ് ഇരിമ്പൻ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി സി.എൽ.സി. പ്രസംഗ മത്സരത്തിൽ നിന്നും മൂന്നാം റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ.

**Senior**

| | | |
|---|---|---|
| 1. | Steena Das | St. Mary's Forane Church, Tattamangalam |
| 2. | Geethu Kuruvila | St. Thomas Church, Koduvayur |
| 3. | Anu Anto | St. Thomas Church, Elavampadam |
| 4. | Pranibha Joy | St. Mary's Church, Maria Nagar |

**Junior**

| | | |
|---|---|---|
| 1. | Ann Mary | St. Agnes Church, Shornur |
| 2. | Linda Mathew | St. Antony's Church, Melarkode |
| 3. | Jibin Pious | Christ the King Church, Nemmara |





**സി.എൽ.സി കലാകായിക മത്സരത്തിന്റെ നിബന്ധനകളും മത്സരങ്ങളും താഴെ ചേർക്കുന്നു.**

**കലാകായിക മത്സരം 2011**

എല്ലാ വർഷത്തേതുപോലെ ഈ വർഷവും രൂപതാ സി.എൽ.സി. കലാകായിക മത്സരങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത മത്സരങ്ങൾ ഇടവകയിൽ നടത്തി വിജയിക്കുന്ന ഒന്നും രണ്ടും സ്ഥാനക്കാരെ രൂപതാ മത്സരത്തിൽ പങ്കെടുപ്പിക്കണം. ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ ആൺ, പെൺ വിഭാഗങ്ങളായിട്ടായിരിക്കും മത്സരങ്ങൾ.

**മത്സര നിബന്ധനകൾ ചുവടെ ചേർക്കുന്നു**

**100 മീറ്റർ ഓട്ടമത്സരം** : ജൂനിയർ ആൺ, പെൺ, സീനിയർ ആൺ, പെൺ

**200 മീറ്റർ ഓട്ടമത്സരം** : ജൂനിയർ ആൺ, പെൺ, സീനിയർ ആൺ, പെൺ

**ഷോട്ട്പുട്ട്** : ജൂനിയർ ആൺ, പെൺ, സീനിയർ ആൺ, പെൺ

**ജാവ്‌ലിൻ ത്രോ** : ജൂനിയർ ആൺ, പെൺ, സീനിയർ ആൺ, പെൺ

**4x100 റീലേ** : ഇടവകയിൽ നിന്നും ഒരു ടീം (ആൺകുട്ടികൾ) ഒരു വ്യക്തിക്ക് റിലേ ഒഴികെ മൂന്ന് ഇനത്തിൽ മാത്രമെ പങ്കെടുക്കാൻ അവസരമുണ്ടായിരിക്കുകയുള്ളു.

**കലാമത്സരങ്ങൾ**

| | |
|---|---|
| **പ്രസംഗം** | ജൂനിയർ ആൺ, പെൺ, സീനിയർ ആൺ, പെൺ<br>വിഷയം : 5 മിനിറ്റ് മുമ്പ്, 5 മിനിറ്റ് പ്രസംഗം |
| **ലളിതഗാനം** | ജൂനിയർ ആൺ, പെൺ, സീനിയർ ആൺ, പെൺ<br>ക്രിസ്തീയ ഭക്തിഗാനങ്ങൾ/ക്രിസ്തീയ ആൽബം 5 മിനിറ്റ് |
| **മോണോആക്ട്** | ജൂനിയർ ആൺ, പെൺ, സീനിയർ ആൺ, പെൺ<br>ബൈബിളിലെ പഴയനിയമം (ഉല്പത്തി) - 5 മിനിറ്റ് |
| **ഗ്രൂപ്പ്സോംഗ്** | ഗ്രൂപ്പ് 5-7 പേർ, 7 മിനിറ്റ്, ക്രിസ്തീയ ഗാനങ്ങൾ |
| **CLC Anthem** | ഗ്രൂപ്പ് 57 പേർ, - മുന്നണി... മുന്നണി... |

ഫ്ളാഗ് ഉപയോഗിക്കണം, സി.എൽ.സി. ബാഡ്ജ് ഉണ്ടായിരിക്കണം, യൂണിഫോമിറ്റി ഉണ്ടായിരിക്കണം.

**കൊളാഷ്** വിഷയം : പ്രേഷിത വയലിലെ ഹരിത ദൂതുകൾ

കമ്പ്യൂട്ടർ പ്രിന്റ് ഒട്ടിക്കാൻ പാടില്ല. (ചിത്രങ്ങളും എഴുത്തുകളും ആവാം) ചാർട്ട് പേപ്പറിലാണ് കൊളാഷ് തയ്യാറാക്കേണ്ടത്. (ചാർട്ട് പേപ്പർ കൊണ്ടുവരേണ്ടതില്ല) സ്കെച്ചും ചിത്രങ്ങളും ഉപയോഗിക്കാം. (മാഗസിൻ/പേപ്പർ ചിത്രങ്ങൾ മാത്രം), ആശയം പ്രതിഫലിപ്പിക്കണം. ഒരു യൂണിറ്റിൽ നിന്നും 5 പേരടങ്ങുന്ന ഒരു സംഘത്തിന് മത്സരിക്കാം. തലക്കെട്ട് നിർബന്ധമാണ്.

പേപ്പർ മെറ്റീരിയൽസ് മാത്രമെ ഉപയോഗിക്കാവൂ. സമയം 10 മിനിറ്റ്.

**ബൈബിൾ ദൃശ്യാവതരണം :** ഗ്രൂപ്പ് 7-10 പേർ, 10 മിനിറ്റ് (സ്റ്റേജ് ഉൾപ്പെടെ) വിഷയം : വി. മത്തായിയുടെ സുവിശേഷം. റെക്കോർ ഡിംഗ് പാടില്ല.

ഗ്രൂപ്പിനങ്ങൾക്ക് പുറമെ രണ്ടിനങ്ങൾക്ക് മാത്രമെ ഒരു വ്യക്തി പങ്കെടുക്കാവൂ. ഇടവകയിലെ വിജയികളുടെ പേരുകൾ (ജനനതിയ്യതി നിർബന്ധം) നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് 10-11-2011ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. 10.11.2011ന് ശേഷം തരുന്ന ഫോമുകൾ സ്വീകരിക്കുന്നതല്ല. ഫോമിൽ യൂണിറ്റ് ഡയറക്ടറും, പ്രസിഡന്റും നിർബന്ധമായും ഒപ്പുവെയ്ക്കുകയും യൂണിറ്റ് സീൽ പതിക്കുകയും ചെയ്യണം. ഇവയൊന്നും ഇല്ലാത്ത ഫോമുകൾ അയോഗ്യമായി കണക്കാക്കും.

ജൂനിയർ : 01.01.1998ന് ശേഷം ജനിച്ചവർ

സീനിയേഴ്സ് : 01.01.1994നും 31.12.1997നും ഇടയിൽ ജനച്ചവർ

രജി. ഫീസ് : വ്യക്തിഗത ഇനത്തിൽ 10 രൂപയും ഗ്രൂപ്പിനങ്ങൾക്ക് 75 രൂപയുമാണ്. മത്സര തിയ്യതി : 5.12.2011.

അന്നേ ദിവസം ഭക്ഷണം ആവശ്യമുള്ളവർ മുൻകൂട്ടി അറിയിക്കണം. ഒരു വ്യക്തിക്ക് 22 രൂപ.

**ഫാ. ബിജു പ്ലാത്തോട്ടത്തിൽ,**
ഡയറക്ടർ, സി.എൽ.സി.

## കെ. സി. വൈ. എം

**ശ്രേഷ്ഠ മെത്രാപ്പൊലീത്തയോടൊത്ത്**

നവംബർ 13ന് ഞായറാഴ്ച രാവിലെ 8 മണിക്ക് കത്തീഡ്രലിലെ വിശുദ്ധ കുർബാനക്കുശേഷം അഭിവന്ദ്യ മെത്രാപ്പൊലീത്തയോടൊത്ത് യുവജനങ്ങൾ പാസ്റ്ററൽ സെന്ററിൽ ഒത്തുകൂടുന്നു. പ്രസ്തുത പരിപാടിയിൽ പ്രാതിനിധ്യ സ്വഭാവത്തോടെയാണ് യുവജനങ്ങൾ പങ്കെടുക്കേണ്ടത്. രൂപതാസമിതിയും ഫൊറോനസെക്രട്ടറിയേറ്റും 2011ൽ രൂപതാസമിയുമായി അഫിലിയേറ്റ് ചെയ്ത യൂണിറ്റുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളും ആനിമേറ്റർമാരും രൂപതാതിർത്തിയിലുള്ള പ്രൊഫഷണൽ കോളേജുകളിലെ ജീസസ് യൂത്ത് കോ-ഓർഡിനേറ്റേഴ്സും കോർ ലീഡേഴ്സുമാണ് പങ്കെടുക്കേണ്ടത്. വിശുദ്ധ കുർബാനക്കുശേഷം സ്നേഹവിരുന്നും പള്ളിയങ്കണത്തിൽ തയ്യാറാക്കിയിട്ടുണ്ട്. അഭിവന്ദ്യ പിതാവിന്റെ സന്ദർശനം ഏറ്റവും ഫലപ്രദമാക്കാൻ നമുക്കുത്സാഹിക്കാം.





**നാടകസന്ധ്യ**

പാലക്കാട് രൂപതാസമിതിയുടെയും പാലക്കാട് ഫൊറോന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ധനശേഖരാണാർത്ഥം കൊച്ചിൻ മരിയ കമ്മ്യൂണിക്കേഷൻസിന്റെ ബിഗ് ബഡ്ജറ്റ് ഡ്രാമാസ്കോപ്പ് നാടകം **'വി. ഗീവർഗ്ഗീസ്'** നവംബർ 20ന് മേഴ്സി കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെടുന്നു. ടിക്കറ്റ് സംബന്ധമായ വിവരങ്ങൾക്ക് കൺവീനർ ക്ലിന്റോ പോളുമായി ബന്ധപ്പെടുക. (9846355501).

**ഗ്രാമോത്സവ്**

നെല്ലറയായ പാലക്കാടിന്റെ ഭാഗമായ പാലക്കയം കുന്നുകളും നീർച്ചാലുകളുംകൊണ്ട് പ്രകൃതിരമണീയമാണ്. പാലക്കാട് രൂപത കെ.സി.വൈ.എം. പാലക്കയത്തുവെച്ച് 2011 ഒക്ടോബർ 7, 8, 9 തിയ്യതികളിലായി 'പരിസ്ഥിതി ആത്മീയത' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ഗ്രാമോത്സവ് ശ്രദ്ധേയമായി. ഗ്രീൻ കമ്മ്യൂണിറ്റിയുടെ വക്താക്കളായ ശ്രീ. ജീനോയുടെയും ആന്റപ്പന്റെയും നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ 85 യുവതീയുവാക്കൾ പങ്കെടുത്തു. പരിസ്ഥിതിയിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങളും കാരണങ്ങളും അതിനുള്ള പരിഹാരവും ചിന്തോദ്ദീപകമായി. ആനുകാലിക പ്രശ്നങ്ങളെക്കുറിച്ചുള്ള ശ്രീ. വർഗ്ഗീസ് പോളിന്റെ ക്ലാസ്സും ഭൂകമ്പം എന്ന വൻ ദുരന്തം ഉണ്ടാകുവാനുള്ള സാധ്യതയെക്കുറിച്ചുള്ള ശരവണന്റെ ക്ലാസ്സും കണ്ണുതുറപ്പിക്കുന്നതായിരുന്നു. ശിരുവാണിയിലേക്കുള്ള യാത്ര പ്രകൃതിയുമായി ഇഴുകിച്ചേരാനുള്ള അവസരമായിരുന്നു. ഇതിന് അവസരമൊരുക്കിയ പാലക്കയം യൂണിറ്റിനും അതിഥേയത്വമരുളിയ കാഞ്ഞിരപ്പുഴ ഫൊറോനക്കും പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും സഹകരിച്ച എല്ലാ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും കെ.സി.വൈ.എം.രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**Writing Competition- Results**

**Power Point**

| | | | |
|---|---|---|---|
| First | Gixon George | Cathedral | Palakkad |
| Second | Rintu Thomas | Perimbadari | Mannarkkad |
| Third | Dani C. K | Mylampully | Olavakode |

**Essay**

| | | | |
|---|---|---|---|
| First | Tony George | Perimbadari | Mannarkkad |
| Second | Ajith Thomas | Ponnamkode | Ponnamkode |
| Third | Merin P Varunny | Melarcode | Melarcode |

**Story Writing**

| | | | |
|---|---|---|---|
| First | Anita George | Kanjirapuzha | Kanjirapuzha |

| | | | |
|---|---|---|---|
| Second | Ancy K.O | Cathedral | Palakkad |
| Third | Agnes | Shornur | Ottapalam |

**News Paper Report**

| | | | |
|---|---|---|---|
| First | Frincy Francis | Kanjikode | Palakkad |
| Second | Sruthy K Martin | Kaithachira | Mannarkad |
| Third | Sneha Jaison | Vadakkenchery | Vadakkenchery |

**Notice**

| | | | |
|---|---|---|---|
| First | Varun Babu | Kanjirapuzha | Kanjirapuzha |
| Second | Joylin P Jose | Shornur | Ottapalam |
| Third | Aji George | Kaithachira | Mannarkkad |

**Cartoon**

| | | | |
|---|---|---|---|
| First | Bijiu Jose | Shornur | Ottapalam |
| Second | Didhul Johnson | Cathedral | Palakkad |
| Third | Libin Baby | Mylampully | Olavakode |

**Poster**

| | | | |
|---|---|---|---|
| First | Elisa John | Thiruvizhakunnu | Mannarkkad |
| Second | Sowmaya Samuel | Mylampully | Olavakode |
| Third | Biju Jose P.J | Shornur | Ottapalam |

**Slogan**

| | | | |
|---|---|---|---|
| First | Nikhil Jolly | Kanjirapuzha | Kanjirapuzha |
| Second | Joise Mathew | Mylampully | Olavakode |
| Third | Dipu Joy | Sreekrishnapuram | Mannarkkad |

**Collage**

| | | | |
|---|---|---|---|
| First | Elisa John | Thiruvizhakunnu | Mannarkkad |
| Second | Rijo Baby | Mylampully | Olavakode |
| Third | Christy Mathew | Ponnamkode | Ponnamkode |
| Third | Abraham Antony | Kanjikode | Palakkad |

**Poem**

| | | | |
|---|---|---|---|
| First | Jesna Mathew | Mylampully | Olavakode |
| Second | Dipu Joy | Sreekrishnapuram | Mannarkkad |
| Third | Bibin Mathew | poonchola | Kanjirapuzha |
| Third | Sruthy K Martin | Kaithachira | Mannarkkad |

**ഫാ. ടോം ജി. വടക്കേക്കര**

ഡയറക്ടർ, കെ.സി.വൈ.എം.





# മാതൃസംഘം

**നവംബർ 2011**

- 2011 നവംബർ 5 ശനി മാതൃസംഘം രൂപതാതല സാഹിത്യമത്സരങ്ങൾ ക്വിസ്, പ്രബന്ധം, ചിത്രരചന, പെയിന്റിംഗ്.
- ഫൊറോനതല ജനറൽ ബോഡിമീറ്റിംഗ്
- പൂർവ്വിക സൗഹൃദം, മരിച്ചുപോയ മാതൃസംഘാംഗങ്ങൾക്കായി പ്രാർത്ഥന

**മാതൃസംഘം മിഷൻവർഷ സാഹിത്യമത്സരങ്ങൾ**

മിഷൻ 2011 രൂപതാ തലത്തിൽ മിഷൻ വർഷം പ്രമാണിച്ച് പ്രബന്ധം, പെയിന്റിംഗ്, ചിത്രരചന എന്നീ മത്സരങ്ങൾ 2011 നവംബർ 5നു പാലക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് നത്തപ്പെടുന്നു. സമയം 10a.m രൂപതയിലെ അമ്മമാർക്ക് പങ്കെടുക്കാം.

**പ്രബന്ധം:** ഞാൻ മിഷനറിയോ? 1 മണിക്കൂർ 10 പേജുകൾ

**പെയിന്റിംഗ്:** ഒരു മിഷൻ ഗ്രാമം പേപ്പറും മറ്റു സാമഗ്രികളും കൊണ്ടുവരണം. ഒന്നര മണിക്കൂർ മണിക്കൂർ.

**ചിത്രരചന:** ഞാൻ ഒരു മിഷനറിയായി പ്രവർത്തിക്കുന്ന അനുഭവം.(ഭാവനയാകാം) 1 മണിക്കൂർ പേപ്പറും മറ്റു സാമഗ്രികളും കൊണ്ടുവരണം.

**മാതൃസംഘം മിഷൻ ക്വിസ്**

2011 നവംബർ 27 ന് യൂണിറ്റു തലത്തിൽ നടത്തപ്പെടുന്നു. ഇടവകയിലെ എല്ലാ അമ്മമാർക്കും പങ്കെടുക്കാം. പഠനപുസ്തകം സാൻജോ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. പഠനഭാഗം മുൻ ഒക്ടോബർ മാസബുള്ളറ്റിൻ കാണുക.

**ശ്രേഷ്ഠമെത്രാപ്പോലീത്തയ്ക്ക് സ്വീകരണം**

2011 നവംബർ 12,13 തീയതികളിൽ നടക്കുന്ന സ്വീകരണ പ്രോഗ്രാമിൽ അമ്മമാർ പങ്കെടുക്കുക. യൂണിഫോം ധരിച്ച് (ഇടവകകളുടെ യൂണിഫോം വിവാഹസാരിയോ പട്ടുസാരിയോ സെറ്റുസാരിയോ ആകാം.) ഒരേ വിധത്തിലുള്ള സാരി ധരിച്ചവർ ഒരുമിച്ചു നില്ക്കുക. ചായസൽക്കാരത്തിന് വളണ്ടിയേഴ്സായി സഹായിക്കുവാൻ മുന്നോട്ട് വരണം.

**ഐക്യോത്സവ് 2011**

രൂപതാതല കലാമത്സരങ്ങളിൽ പങ്കെടുത്ത അംഗങ്ങൾക്ക് അനുമോദനങ്ങൾ സജ്ജീകരണങ്ങൾ നടത്തിയവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു. മത്സരഫലം താഴെ കൊടുക്കുന്നു.

**ഐക്യോത്സവ് – 2011 മത്സരഫലങ്ങൾ**

**പെയിന്റിംഗ് (ജൂനിയേഴ്സ്)**

| | | | |
|---|---|---|---|
| I | ഷീല മേരി, | മേരിലാന്റ് | മംഗലംഡാം |

| | | | |
|---|---|---|---|
| II | രേഖാ ജോബി | കൊടുന്തിരപ്പുള്ളി | പാലക്കാട് |

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | ഡെയ്സി സണ്ണി, | കടപ്പാറ, | മംഗലംഡാം |
| II | സോണിയ ബിജു | ചിറ്റൂർ | തത്തമംഗലം |
| III | ആൻസി സജി | കടമ്പൂർ | ഒറ്റപ്പാലം |

**കവിതാ രചന (ജൂനിയർ)**

| | | | |
|---|---|---|---|
| I | ഷോബി ജോൺ | ചിറ്റൂർ | തത്തമംഗലം |
| II | ദീപ്തി അറയ്ക്കൽ | രാജഗിരി | വടക്കഞ്ചേരി |
| III | റോസി അലക്സ് | കൊടുന്തിരപ്പുള്ളി | പാലക്കാട് |
| | സുനി ഷിബു | അകമലവാരം | ഒലവക്കോട് |

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | അന്നം എം.കെ. | ആലത്തൂർ | മേലാർക്കോട് |
| II | സൂസമ്മ ജോർജ്ജ് | കണ്ടമംഗലം | മണ്ണാർക്കാട് |
| III | സെലിൻ അലക്സ്, | കടപ്പാറ | മംഗലംഡാം |

**വചനസദ്യ (ജൂനിയർ)**

| | | | |
|---|---|---|---|
| I | അനുടോണി, | പാലക്കയം | കാഞ്ഞിരപ്പുഴ |
| II | ഡെയ്സി മാത്യു, | മൈലംപുള്ളി | ഒലവക്കോട് |
| III | പ്രീത | കഞ്ചിക്കോട് | പാലക്കാട് |
| | ആശ ബിജു, | കാഞ്ഞിരപ്പുഴ | കാഞ്ഞിരപ്പുഴ |

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | ജെയ്നമ്മ കോയിക്കൽ | പാലക്കയം | കാഞ്ഞിരപ്പുഴ |
| II | ചിന്നമ്മ ഡേവിസ് | കഞ്ചിക്കോട് | പാലക്കാട് |
| III | സാലിതോമസ് | തിരുവിഴാംകുന്ന് | മണ്ണാർക്കാട് |

**മെമ്മറി ടെസ്റ്റ് (ജൂനിയർ)**

| | | | |
|---|---|---|---|
| I | ശുഭ കുറ്റിക്കാടൻ | രാജഗിരി | വടക്കഞ്ചേരി |
| II | ആശ കല്ലുവേലിൽ | കാഞ്ഞിരപ്പുഴ | കാഞ്ഞിരപ്പുഴ |
| III | ലിസി ബിജു | കണ്ടമംഗലം | മണ്ണാർക്കാട് |

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | ആൻസി സജി | കടമ്പൂർ | ഒറ്റപ്പാലം |
| II | ഷേർളി റാവു | ധോണി | ഒലവക്കോട് |
| III | മിനി ജേക്കബ് | കൊടുന്തിരപ്പുള്ളി | പാലക്കാട് |

**പ്രസംഗം (ജൂനിയർ)**

| | | | |
|---|---|---|---|
| I | ഷാന്റി ജോയ് | ധോണി | ഒലവക്കോട് |
| II | മോളി തോമസ് | കണ്ണമ്പ്ര | വടക്കഞ്ചേരി |
| III | ലിസി ബിജു | കണ്ടമംഗലം | മണ്ണാർക്കാട് |

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | റാണി മാമ്മൻ | ഒലവക്കോട് | ഒലവക്കോട് |
| II | ലിസി ജോർജ്ജ് | ആലത്തൂർ | മേലാർക്കോട് |
| | സാലമ്മ സെബാസ്റ്റ്യൻ | പൊന്നംകോട് | പൊന്നംകോട് |
| III | ഫിജിമാറ്റി | ടൗൺചർച്ച് | പാലക്കാട് |





**കവിതാപാരായണം (ജൂനിയർ)**

| | | | |
|---|---|---|---|
| I | ലിജിടോജോ | ഒലിപ്പാറ | മംഗലംഡാം |
| II | ദീപ്തി അറയ്ക്കൽ | രാജഗിരി | വടക്കഞ്ചേരി |
| III | ബോബി ടോണി | ടൗൺ ചർച്ച് | പാലക്കാട് |

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | ലിസി ജോർജ്ജ്. | ആലത്തൂർ | മേലാർക്കോട് |
| II | സിജി കവുന്നുങ്കൽ | വടക്കഞ്ചേരി | വടക്കഞ്ചേരി |
| III | മിനിജോജി | ടൗൺ ചർച്ച് | പാലക്കാട് |

**പ്രച്ഛന്നവേഷം (ജൂനിയർ)**

| | | | |
|---|---|---|---|
| I | ശുഭ കുറ്റിക്കാടൻ | രാജഗിരി | വടക്കഞ്ചേരി |
| II | ഷാൻസി ജോർജ്ജ് | കണ്ടമംഗലം | മണ്ണാർക്കാട് |
| | സിന്ധു സാമുവൽ | കൊടുന്തരപ്പുള്ളി | പാലക്കാട് |
| III | ഷെറി ഡാനി | ഒലവക്കോട് | ഒലവക്കോട് |

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | ലിസി യേശുദാസ് | തത്തമംഗലം | തത്തമംഗലം |
| II | എമിലി ജോസ് | ടൗൺ ചർച്ച് | പാലക്കാട് |
| III | ത്രേസ്യാമ്മ ചാത്തമലയിൽ | പാലക്കുഴി | വടക്കഞ്ചേരി |

**ലളിതഗാനം (ജൂനിയർ)**

| | | | |
|---|---|---|---|
| I | ലിജി റ്റോജോ | ഒലിപ്പാറ | മംഗലംഡാം |
| II | ഷോബി ജോൺ | ചിറ്റൂർ | തത്തമംഗലം |
| III | ദീപ്തി അറയ്ക്കൽ | രാജഗിരി | വടക്കഞ്ചേരി |
| | ലിസി ബിജു | കണ്ടമംഗലം | മണ്ണാർക്കാട് |

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | സിജി കവുന്നുങ്കൽ | വടക്കഞ്ചേരി | വടക്കഞ്ചേരി |
| II | മിനി ജോജി | ടൗൺ ചർച്ച് | പാലക്കാട് |
| III | ആശാ സണ്ണി | ഒറ്റപ്പാലം | ഒറ്റപ്പാലം |

**മോണോ ആക്ട് (ജൂനിയർ)**

| | | | |
|---|---|---|---|
| I | ഷാന്റി ജോയ് | ധോണി | ഒലവക്കോട് |
| II | കർമ്മല | കേരളശ്ശേരി | ഒറ്റപ്പാലം |
| III | ശുഭ കുറ്റിക്കാടൻ | രാജഗിരി | വടക്കഞ്ചേരി |

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | സാലമ്മ സെബാസ്റ്റ്യൻ | പൊന്നംകോട് | പൊന്നംകോട് |
| II | ആലീസ് | പട്ടാമ്പി | ഒറ്റപ്പാലം |
| III | ലിസി യേശുദാസ് | തത്തമംഗലം | തത്തമംഗലം |

**ഗ്രൂപ്പ് ഇനങ്ങൾ**

**സമൂഹഗാനം**

| | | | |
|---|---|---|---|
| I | ലിജി ടോജോ & ടീം | ഒലിപ്പാറ | മംഗലംഡാം |
| II | ജീന ജെയ്മോൻ & ടീം | പെരിമ്പടാരി | മണ്ണാർക്കാട് |
| III | ലിസി ബിജു & ടീം | കണ്ടമംഗലം | മണ്ണാർക്കാട് |

**ബൈബിൾ ദൃശ്യാവതരണം**

| | | | |
|---|---|---|---|
| I | മോളി വിൻസി & ടീം | ആലത്തൂർ | മേലാർക്കോട് |
| II | എമിലി ജോസ് & ടീം | ടൗൺ ചർച്ച് | പാലക്കാട് |
| III | കുഞ്ഞുമോൾ & ടീം | രാജഗിരി | വടക്കഞ്ചേരി |

**പുത്തൻപാന**

| | | | |
|---|---|---|---|
| I | ലിജിടോജോ & ടീം | ഒലിപ്പാറ | മംഗലംഡാം |
| II | ജീന ജെയ്മോൻ & ടീം | പെരിമ്പടാരി | മണ്ണാർക്കാട് |
| III | ലിറ്റി ബിജു & ടീം | ആരോഗ്യപുരം | വടക്കഞ്ചേരി |

**വ്യക്തിഗത ചാമ്പ്യൻഷിപ്പ് (ജൂനിയേഴ്സ്)**

| | | | |
|---|---|---|---|
| I | സിജി കവുന്നുങ്കൽ | രാജഗിരി | വടക്കഞ്ചേരി |
| II | ലിസി ജോർജ്ജ് | ആലത്തൂർ | മേലാർക്കോട് |
| III | സാലമ്മ സെബാസ്റ്റ്യൻ | പൊന്നംകോട് | പൊന്നംകോട് |

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | ഷാന്റി ജോയ് | ധോണി | ഒവലക്കോട് |

**കൂടുതൽ പോയിന്റ് നേടിയ ഇടവകകൾ**

| | | |
|---|---|---|
| I | ഒലിപ്പാറ | 30 |
| II | ആലത്തൂർ | 23 |
| III | രാജഗിരി | 21 |

**കൂടുതൽ പോയിന്റ് നേടിയ ഇടവകകൾ**

| | | |
|---|---|---|
| I | മംഗലംഡാം | 41 |
| II | വടക്കഞ്ചേരി | 36 |
| III | പാലക്കാട് | 26 |

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

**ബേത്ഷലോം - 2011**
**അഖില കേരള കുടുംബ കൺവെൻഷൻ**

കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷന്റെ ആഭിമുഖ്യത്തിൽ കേരള കത്തോലിക്കാ നവീകരണ സേവന സമിതി (കെ.എസ്.ടി) ഒരു അഖില കേരള കുടുംബകൺവെൻഷൻ ഡിസംബർ 28 മുതൽ 31 വരെ പാലായിൽവെച്ച് നടത്തുന്നു. കുടുംബമായിത്തന്നെ പങ്കെടുക്കുന്നു എന്നതാണ് ഈ കൺവെൻഷന്റെ പ്രത്യേകത. അഭിവന്ദ്യ പിതാക്കന്മാരും പ്രശസ്ത വചനപ്രഘോഷകരും നേതൃത്വം കൊടുക്കുന്ന കുടുംബ കൺവെൻഷനിൽ പങ്കെടുക്കുന്നത് കുടുംബങ്ങളിൽ സമാധാനം പുലരുന്നതിനും സ്നേഹസംസ്കാരം വളർത്തുന്നതിനും സഹായകരമാകും. പ്രസ്തുത കൺവെൻഷനിൽ സാധിക്കുന്നിടത്തോളം കുടുംബങ്ങൾ പങ്കുചേരാൻ ശ്രദ്ധിക്കുക.

കൂടുതൽ വിവരങ്ങൾക്ക് : **ഫാ. ജോസ് അഞ്ചാനിക്കൽ, കെ.എസ്.ടി. ചെയർമാൻ, 9447291009, എമ്മാവൂസ്, കളമശ്ശേരി- 0484- 6524118, 25401818, 9142132844**





# ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**2011 നവംബർ 7,8,9,10** തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.
കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.
കോഴ്സിന്റെ റെജിസ്ട്രേഷൻ ഫീസ് - 750 Rs ആയിരിക്കും.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



# കുടുംബകൂട്ടായ്മ

**പാലക്കാട് ഫൊറോന ഏകദിന സെമിനാർ**

പാലക്കാട് ഫൊറോന കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ഏകദിന സെമിനാർ സെപ്റ്റംബർ 21ന് സെന്റ് റാഫേൽസ് കത്തീഡ്രൽ പാരിഷ് ഹാളിൽവെച്ച് രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് തുരുത്തിപ്പള്ളിയുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഡയറക്ടറച്ചൻ നയിച്ച പ്രാർത്ഥനയോടുകൂടി ആരംഭിച്ച സെമിനാറിന് സെക്രട്ടറി ശ്രീമതി. റോസിലി ജോയ് ആശംസയും ഫൊറോന വികാരി ഫാ. ജോസ് കല്ലുവേലി ഉദ്ഘാടനവും നിർവ്വഹിച്ചു. ഇരിഞ്ഞാലക്കുട രൂപത കുടുംബക്കൂട്ടായ്മ പ്രസിഡന്റ് ശ്രീ. കെ. എഫ്. ബാബു ക്ലാസ്സുകൾ നയിച്ചു. തുടർന്ന് ഫാ. മാർട്ടിൻ തട്ടിൽ ദിവ്യബലിയർപ്പിക്കുകയും ഫാ. ജോമിസ് കൊടകശ്ശേരിൽ സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കുടുംബക്കൂട്ടായ്മ ഭാരവാഹികളെ 10 ഗ്രൂപ്പുകളായി തിരിച്ച് കുടുംബ സമ്മേളനങ്ങളുടെ ലക്ഷ്യവും പ്രസക്തിയും എന്ന വിഷയത്തെക്കുറിച്ച് ചർച്ച നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ചർച്ചയിൽ രൂപതാ സെക്രട്ടറി ശ്രീ. സെസിൽ എബ്രഹാം മോഡറേറ്റർ ആയിരുന്നു. ചർച്ചക്കുശേഷം നടന്ന ഭാരവാഹികളുടെ സമാപന സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് അനുഗ്രഹപ്രഭാഷണം നടത്തി. കുടുംബക്കൂട്ടായ്മ രൂപതാ ട്രഷററും ഫൊറോന പ്രസിഡന്റുമായ

ശ്രീ. ബാബു എം. മാത്യു സ്വാഗതവും രൂപതാ പ്രസിഡന്റ് ശ്രീ. കെ.പി. ലോറൻസ് ആശംസയും ഫൊറോന വൈസ് പ്രസിഡന്റ് ശ്രീ. ശശിപോൾ നന്ദിയും പ്രകാശിപ്പിച്ചു.

**ഒറ്റപ്പാലം ഫൊറോന ഏകദിന സെമിനാർ**

ഒറ്റപ്പാലം ഫൊറോന കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ഏകദിന സെമിനാർ ഒക്ടോബർ 6ന് ഫൊറോന പള്ളിയിൽവെച്ച് അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി നയിച്ച പ്രാർത്ഥനയോടുകൂടി ആരം ഭിച്ച സെമിനാറിന് പ്രസിഡന്റ് ശ്രീ. ജോസഫ് അനന്തകുളം ആശംസയും. ശ്രീ. സേവ്യർ പള്ളിപ്പാടൻ ക്ലാസ്സുകൾ നയിച്ചു. തുടർന്ന് ഫാ. ജോബി തര ണിയിൽ ദിവ്യബലിയർപ്പിക്കുകയും ഫാ. ബിജോയ് ചോതിരക്കോട്ട് സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ചർച്ചയും റിപ്പോർട്ട് അവതരണവും നടത്തി. ചർച്ചക്കുശേഷം നടന്ന ഭാര വാഹികളുടെ സമാപന സമ്മേളനത്തിൽ ഫൊറോന വികാരി ഫാ. തോമസ് വടക്കുഞ്ചേരി അദ്ധ്യക്ഷത വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. കെ.പി. ലോറൻസ് ആശംസയും ഫൊറോന സെക്ര ട്ടറി ശ്രീ. സെബാസ്റ്റ്യൻ നന്ദിയും പ്രകാശിപ്പിച്ചു.

**പൊന്നംകോട് ഫൊറോന ഏകദിന സെമിനാർ**

ഒറ്റപ്പാലം ഫൊറോന കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ഏകദിന സെമിനാർ ഒക്ടോബർ 15ന് ഫൊറോന പള്ളിയിൽവെച്ച് അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി നയിച്ച പ്രാർത്ഥനയോടുകൂടി ആരം ഭിച്ച സെമിനാറിന് പ്രസിഡന്റ് ശ്രീ. രാജു മംഗലി സ്വാഗതമാശംസിച്ചു. ശ്രീ. സേവ്യർ പള്ളിപ്പാടൻ ക്ലാസ്സുകൾ നയിച്ചു. തുടർന്ന് ഫാ. ആന്റോ തൈക്കാ ട്ടിൽ ദിവ്യബലിയർപ്പിക്കുകയും ഫാ. ജോയ് ചാലിശ്ശേരി സന്ദേശം നൽകു കയും ചെയ്തു. ഉച്ചകഴിഞ്ഞ് കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ചർച്ചയും റിപ്പോർട്ട് അവതരണവും നടത്തി. ചർച്ചക്കുശേഷം നടന്ന ഭാരവാഹികളുടെ സമാപന സമ്മേളനത്തിൽ ഫൊറോന വികാരി ഫാ. പീറ്റർ കുരുതുകുള ങ്ങര അദ്ധ്യക്ഷത വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. രൂപതാ സെക്രട്ടറി ശ്രീ. സെസിൽ ആശംസയും ഫൊറോന സെക്രട്ടറി ശ്രീ. ജോർജ്ജ് വി.വി. നന്ദിയും പ്രകാശിപ്പിച്ചു.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബകൂട്ടായ്മ







# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| നവംബർ | 06-11 | വൈദികരുടെ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| നവംബർ | 13-18 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| നവംബർ | 20-25 | പ്രിസ്റ്റ് പവർ കോൺഫറൻസ്<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| നവംബർ 27 | ഡിസം. 02 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാന ങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 327710

**സെഹിയോൻ വെബ്സൈറ്റ് സന്ദർശിക്കുക**

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

നവംബർ 20 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസി പ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# പി. എസ്. എസ്. പി.

**കരിത്താസ് ഇന്ത്യ സുവർണ്ണജൂബിലി തിളക്കത്തിൽ**

കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (CBCI)യുടെ സാമൂഹിക ശുശ്രൂഷാ വിഭാഗമായ കാരിത്താസ് ഇന്ത്യ 50 വർഷത്തെ സേവനം പൂർത്തിയാക്കി സുവർണ്ണജൂബിലി ആഘോഷിക്കുന്നു. 1962ൽ സ്ഥാപിതമായ ഈ സംഘടന ഭാരത കത്തോലിക്കാ സഭയുടെ സാമൂഹിക പ്രതിബദ്ധതയുടെയും സുവിശേഷ മൂല്യങ്ങൾ സമൂഹത്തിൽ പ്രതിഷ്ഠിക്കുന്നതിനുള്ള ഇച്ഛാശക്തിയുടെ പ്രതിഫലനമാണ്.

നിസ്വാർത്ഥമായ സ്നേഹമെന്നാണ് 'കാരിത്താസ്' എന്ന വാക്കിന്റെ അർത്ഥം. ഭാരതത്തിലെ എല്ലാ രൂപതകളിലെയും സാമൂഹിക സേവന സംഘടനകൾ കാരിത്താസ് ഇന്ത്യയുമായി ബന്ധപ്പെട്ടാണ് തങ്ങളുടെ പ്രവർത്തനങ്ങളും സേവനങ്ങളും ചിട്ടപ്പെടുത്തുകയും ക്രമപ്പെടുത്തുകയും ചെയ്യുന്നത്. നിലവിൽ 164 രൂപതകളിലെ സാമൂഹിക സേവന സംഘടനകൾ (കേരളത്തിലെ 30) കാരിത്താസ് ഇന്ത്യയുടെ കുടക്കീഴിൽ അണിചേർന്ന് രാഷ്ട്ര നിർമ്മിതിയിൽ പങ്കുചേരുന്നു.

പാലക്കാട് രൂപതയും പി.എസ്.എസ്.പി.യുടെ തുടക്കം മുതലേ കാരിത്താസ് ഇന്ത്യയുമായി ബന്ധപ്പെട്ട് ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കും പ്രകൃതിവിഭവ സംരക്ഷണത്തിലൂന്നിയ സുസ്ഥിര വികസനത്തിനും സുതാര്യഭരണം, ആരോഗ്യപരിപാലനം തുടങ്ങി വിവിധ മേഖലകളിൽ കാരിത്താസ് ഇന്ത്യയുമായി ചേർന്ന് പ്രവർത്തിക്കുന്നു. രൂപതാ സാമൂഹിക സേവന വിഭാഗത്തിന്റെ ഭാരതത്തിലെ മേൽഘടകമെന്ന നിലയിൽ കാരിത്താസ് ഇന്ത്യയുടെ സുവർണ്ണജൂബിലി ആഘോഷം നമുക്കും പ്രാധാന്യമർഹിക്കുന്നതാണ്. കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കപ്പെട്ട ധാരാളം പദ്ധതികൾ നമ്മുടെ ജില്ലയിലും വികസനപ്രവർത്തനങ്ങൾക്ക് സഹായകമായിട്ടുണ്ട്.

സംസ്ഥാനതലത്തിലുള്ള സുവർണ്ണജൂബിലി ആഘോഷം നവംബർ 3, 4 തിയ്യതികളിൽ എറണാകുളത്ത് പി.ഒ.സി.യിൽ നടക്കുന്നു.കാരിത്താസ് ഇന്ത്യക്ക് പാലക്കാട് രൂപതയുടെ സുവർണ്ണജൂബിലി മംഗളങ്ങൾ!!

രൂപതാ ബുള്ളറ്റിനോടൊപ്പം വരുന്ന സുവർണ്ണ ജൂബിലി വാൾപോസ്റ്റർ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും സർക്കുലർ കുർബാനമദ്ധ്യേ ജനങ്ങളെ അറിയിക്കുകയും ചെയ്യുമല്ലോ





**എസ്.എ.എഫ്.പി. സ്പോൺസർമാരുടെ മീറ്റിംഗ്**

സേവ് എ ഫാമിലി പദ്ധതിയുടെ ഭാഗമായി നവംബർ 18,19 തിയ്യതികളിൽ ഒരു ദ്വിദിന പരിശീലനപരിപാടി ധോണി സ്റ്റാർട്ടിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അട്ടപ്പാടി, ഒറ്റപ്പാലം, ആലത്തൂർ, പാലക്കാട് എന്നീ റീജിയണുകളിലെ എല്ലാ സെന്ററുകളിലെയും സ്പോൺസർമാർ നിർബന്ധമായും ഈ പരിശീലനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രൂപത വികാരിജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി പരിപാടി ഉദ്ഘാടനം ചെയ്യുന്നതാണ്.

**റീജിയണൽ മീറ്റിംഗ്**

സേവ് എ ഫാമിലിയുടെ കോയമ്പത്തൂർ ഭാഗത്തുള്ള എല്ലാ ഗുണഭോക്താക്കൾക്കുമായി ഒരു റീജിയണൽ മീറ്റിംഗ് നവംബർ മാസം 7-ാം തിയ്യതി ഉക്കടം പാരിഷ്ഹാളിൽ വച്ച് രാവിലെ 10 മണിക്ക് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. തദവസരത്തിൽ പൊള്ളാച്ചി, കാരമട, തൊട്ടിപ്പാളയം, ഉക്കടം, കുനിയംമുത്തൂർ, കൗണ്ടംപാളയം, ശരവണംപെട്ടി എന്നീ സെന്ററുകളിലെ നിലവിലുള്ള എല്ലാ ഗുണഭോക്താക്കളും ഇതിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ സെന്ററുകളിലെ ബഹു. സ്പോൺസർമാരുടെ സാന്നിധ്യവും പ്രതീക്ഷിക്കുന്നു.

**ജില്ലാഫെഡ് മീറ്റിംഗ്**

2. 11. 11.ന് ബുധനാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പി. യിൽ വച്ച് ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 9.11. 11.ന് | ബുധൻ | മണ്ണാർക്കാട് | മുന്നേക്കർ | 11 മണി |
| 10.11.11. ന് | വ്യാഴം | ശ്രീകൃഷ്ണപുരം | കോണിക്കഴി | 11 മണി |
| 11.11.11 ന് | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2 മണി |
| 11.11.11.ന് | വെള്ളി | ചിറ്റൂർ | പെരുമാട്ടി | 11 മണി |
| 14.11.11.ന് | തിങ്കൾ | പാലക്കാട് | പി.എസ്.എസ്.പി | 11മണി |
| 15.11.11.ന് | ചൊവ്വ | മലമ്പുഴ | സാൻജോസ്വ്വർ | 10 മണി |
| 16. 11.11.ന് | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 11 മണി |
| 19.11.11.ന് | ശനി | അട്ടപ്പാടി | ഗൂളിക്കടവ് | 11 മണി |
| 23.11.11.ന് | ബുധൻ | ആലത്തൂർ | എഫ്.സി.സി | 11 മണി |

**റീജിയണൽ ഓഫീസ് ദിവസം**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.11.11 | ചൊവ്വ | സാൻജോസ്വ്വർ | 10am to 2pm |
| 16.11.11 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11am to 2pm |
| 17.11.11 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11am to 2pm |
| 19.11.11 | ശനി | റീജിയണൽ ഓഫീസ് ഗൂളിക്കടവ് | 11am to 2pm |

23.11.11 ബുധൻ എഫ്.സി.സി. വടക്കഞ്ചേരി 11am to 1pm

**വനിതാ ബോധവല്ക്കരണ ദശദിന ക്യാമ്പ്**

സെൻട്രൽ സോഷ്യൽ വെൽഫെയർ ബോഡിന്റെ ധനസഹായത്തോടെ 25 ഗ്രാമീണ സ്ത്രീകൾക്ക് 10 ദിവസം നീണ്ടു നില്ക്കുന്ന രണ്ടു ബോധവത്ക്കരണ ക്യാമ്പുകൾ നവംബർ മാസത്തിൽ പൊന്നങ്കോട്, മുണ്ടൂർ എന്നീ സ്ഥലങ്ങളിലെ മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

**LIC Micro Insurance**

സാധാരണക്കാർക്ക് ദീർഘ വീക്ഷണത്തോടെ ഒരു സമ്പാദ്യം മുന്നിൽ കണ്ടുകൊണ്ട് കുറഞ്ഞ പ്രീമിയത്തിൽ ഒരു നിക്ഷേപ പദ്ധതി (ജീവൻ മധുർ) LIC മൈക്രോ ഇൻഷൂറൻസുമായി ചേർന്ന് പി.എസ്.എസ്.പി. നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവരും ഏജന്റായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മെഡിക്ലെയിം**

**മെഡിക്ലെയിം വാർഷിക പ്രീമിയം ഒക്ടോബർ മുതൽ ഇൻഷൂറൻ കമ്പനി വർദ്ധിപ്പിച്ചിരിക്കുന്നു.** ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ,വിപണന പരിശീലനപരിപാടി**

നിത്യോപയോഗ സാധനങ്ങളായ സോപ്പ്,സോപ്പുല്പന്നങ്ങൾ, ഹാർപിക്, ഫിനോയിൽ, ഉജാല ചന്ദനത്തിരി മുതലായ 10 തരം ഉല്പന്നങ്ങളുടെ നിർമ്മാണ വിപണന പരിശീലനം രണ്ടു ദിവസങ്ങളിലായി നടത്തപ്പെടുന്നു.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

**സാന്ത്വന ശുശ്രൂഷ മേഖലയിൽ തൊഴിൽ പരിശീലനം**

നാടിന്റെ വളർച്ചയ്ക്കും സമൂഹത്തിന്റെ ആവശ്യങ്ങൾക്കും അനുസരിച്ച് മാനവശേഷി വികസനത്തിനായി പീപ്പിൾസ് സർവ്വീസ് സൊസൈറ്റി, പാലക്കാടിന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന സ്ഥാപനമാണ് ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്. (Institute of People's





Education.) ഈ സ്ഥാപനം കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ ഭാരതത്തിലെ തെരഞ്ഞെടുക്കപ്പെട്ട 271 ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു.

പാലക്കാട് ജില്ലയുടെ സാമൂഹ്യ സാമ്പത്തിക മേഖലകളുടെ സമഗ്ര വികസനത്തിനാവശ്യമായ തൊഴിൽ ശക്തിയെ വൈവിധ്യമാർന്ന തൊഴിൽ മേഖലകളിൽ പരിശീലിപ്പിച്ചെടുക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ മുഖ്യ ഉദ്ദേശ്യം. 40ൽ അധികം വൈവിധ്യമാർന്ന പ്രാദേശിക പ്രാധാന്യമുള്ള കോഴ്സുകളിൽ തൊഴിൽ പരിശീലനം നൽകിക്കൊണ്ട് ഈ സ്ഥാപനം മുന്നേറുകയാണ്.

നമ്മുടെ സമുഹത്തിലെ അടിയന്തിരപ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണ് പ്രായമായവരുടേയും അത്യാസന്നരോഗികളുടേയും വികലാംഗരുടേയും മാനസിക രോഗികളുടേയും പരിചരണം. വളരെ സ്നേഹപൂർണ്ണവും പ്രൊഫഷണലുമായ രീതിയിലുള്ള പരിചരണ സംവിധാനം ഈ വിഭാഗങ്ങൾക്ക് ആശ്വാസം പകരുവാൻ സഹായകമാണ്. ഇത്തരത്തിൽ പരിചരണം ആവശ്യമുള്ളവരുടെ എണ്ണം നമ്മുടെ നാട്ടിൽ ക്രമാതീതമായി വർദ്ധിക്കുന്നതുകൊണ്ട് ധാരാളം വിദഗ്ധരും ആത്മാർത്ഥരുമായ ശുശ്രൂഷകരെ പരിശീലിപ്പിച്ചെടുക്കേണ്ട ആവശ്യം മുൻനിർത്തി കേന്ദ്ര ഗവൺമെന്റ് അംഗീകാരമുള്ള പരിചരണ പരിശീലനം ജൻ ശിക്ഷൻ സൻസ്ഥാൻ വഴി രൂപതയിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽവെച്ച് 2011 നവംബർ മാസം 1-ാം തിയ്യതി മുതൽ ആരംഭിക്കുന്നു. താഴെ പറയുന്ന ഹ്രസ്വകാല കോഴ്സുകളിൽ വിദ്യാഭ്യാസയോഗ്യത മാനദണ്ഡമാക്കാതെ തന്നെ താൽപ്പര്യമുള്ള ഏവർക്കും പങ്കെടുക്കാവുന്നതാണ്.

1. Household Help (General) 2 months
2. Household Elderly Care 2 months
3. Household Infirm Adult Care 3 month

താൽപ്പര്യമുള്ളവർ ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ ഓഫീസുമായി ബന്ധപ്പെടുക.

Jan Shikshan Sansthan Palakkad,
Pastoral Centre, Chakkanthara,
Pallippuram Post, Palakkad – 678 006
Phone: 0491 2500790, 9446273703
Email: jsspssp@gmail.com, Web: www.jsspalakkad.com

# കെ.എൽ.എം. പാലക്കാട്

കേരളാ ലേബർ മൂവ്മെന്റിന്റെ ജില്ലാകമ്മിറ്റിയോഗം 22.10.2011 ശനിയാഴ്ച 2 മണി മുതൽ 4.30 വരെ വടക്കഞ്ചേരി ലൂർദ്ദ്മാതാ ഫൊറോന പാരിഷ് ഹാളിൽവെച്ച് ജില്ലാ കൺവീനർ ശ്രീ. സന്തോഷ് അറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. വിവിധ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വിവിധ തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് കെ.എൽ.എം. കേരളത്തിൽ നടപ്പിലാക്കുന്ന 'സുരക്ഷ-എ', 'സുരക്ഷ-ബി' പദ്ധതികൾ നമ്മുടെ ജില്ലയിലും വ്യാപകമായി നടപ്പിലാക്കുവാനും സാധാരണ ജനങ്ങൾക്ക് സാമൂഹ്യസുരക്ഷയുടെ ഭാഗമായി കുറഞ്ഞത് ആയിരം രൂപയെങ്കിലും പ്രതിമാസ പെൻഷൻ ലഭ്യമാക്കുന്നതിന് സഹായിക്കണമെന്നും അഭിപ്രായപ്പെട്ടു. സുരക്ഷാപദ്ധതികളുടെ പ്രവർത്തനങ്ങൾ കെ.എൽ.എം. യൂണിറ്റുകളിൽ ശക്തിപ്പെടുത്തുവാനുള്ള പദ്ധതികൾക്ക് രൂപം നൽകുകയും ഫോമുകൾ വിതരണം ചെയ്യുകയും ചെയ്തു.

**കെ.എൽ.എം. ജില്ലാ കൺവെൻഷൻ**

കെ.എൽ.എം. പാലക്കാടിന്റെ ജില്ലാ കൺവെൻഷൻ 11.12.2011 ഞായറാഴ്ച 2 മണി മുതൽ 5 മണിവരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽവെച്ച് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്. കേരളത്തിലെ സാമൂഹ്യ-തൊഴിലാളി ക്ഷേമ പ്രവർത്തനരംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കുന്ന പ്രസ്തുത പരിപാടിയിലേയ്ക്ക് കെ.എൽ.എംന്റെ എല്ലാ യൂണിറ്റുകളിൽ നിന്നും തൊഴിലാളികളെ പങ്കെടുപ്പിക്കുവാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

കെ.എൽ.എം. യൂണിറ്റുകളുടെയും ഫൊറോന സമിതികളുടെയും രൂപീകരണവും ശാക്തീകരണവും നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തപ്പെടുന്നതാണ്.

**സിസ്റ്റേഴ്സിന് പരിശീലനം**

പാലക്കാട് ജില്ലയിൽ സാധുക്കളായ തൊഴിലാളികളുടെ സാമൂഹ്യസുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 12 സിസ്റ്റേഴ്സിന് പി.ഒ.സിയിൽവെച്ച് പരിശീലനം നല്കി. സന്നദ്ധ പ്രവർത്തനത്തിന് മുൻകൈയ്യെടുത്ത് പ്രവർത്തിക്കുവാൻ സജ്ജരായിട്ടുള്ള സിസ്റ്റേഴ്സിന്റെ സേവനം നമ്മുടെ പ്രവർത്തനങ്ങൾക്ക് ശക്തിയും ഊർജ്ജവും പകരും. സിസ്റ്റേഴ്സിന് പ്രത്യേകം നന്ദി.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2011 സെപ്റ്റംബർ**

29 – കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ ഡീക്കൻ സനോജ് മുണ്ടപ്ലാക്കലിന് വൈദികപട്ടം നൽകി.

– മംഗലംഡാം ഫൊറോനതല ബൈബിൾ കൺവെൻഷനിൽ സമാപനസന്ദേശം നൽകി.

30 – തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ രോഗീസന്ദർശനം നടത്തി.

**2011 ഒക്ടോബർ**

1 – ചന്ദ്രനഗർ ഡിവൈൻ പ്രൊവിഡൻസ് ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിച്ച് വി. കുർബാനയർപ്പിച്ചു.

2 – കല്ലേപ്പുള്ളി സെന്റ് മേരീസ് ഇടവകദിനാഘോഷത്തോടനുബന്ധിച്ച പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

3 – രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

4 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

5 – എറണാകുളം കോന്തുരുത്തി ഇടവകയിൽ ദൈവദാസൻ വർഗ്ഗീസ് പയ്യപ്പള്ളിയുടെ ചരമവാർഷികത്തോടനുബന്ധിച്ചുള്ള സിമ്പോസിയം ഉദ്ഘാടനം ചെയ്തു. വി. കുർബാനയർപ്പിച്ചു.

6 – ഒറ്റപ്പാലം ഫൊറോനതല കുടുംബക്കൂട്ടായ്മ ഉദ്ഘാടനം ചെയ്തു.

– താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

7 – താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ആദ്യവെള്ളി ശുശ്രൂഷകളോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. സന്ദേശം നൽകി.

– പാസ്റ്ററൽ സെന്ററിൽ മതാധ്യാപക കൗൺസിൽ അംഗങ്ങൾക്ക് സന്ദേശം നൽകി.

8 – സെന്റ് റാഫേൽ കത്തീഡ്രലിൽ മതാധ്യാപക കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. തുടർന്ന് പാസ്റ്ററൽ സെന്ററിൽ നടന്ന സമാപന പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- ധോണിയിൽ ക്രിസ്റ്റീൻ റിട്രീറ്റ് ടീമിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന അഖണ്ഡജപമാലയർപ്പണത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

9 - ശ്രീകൃഷ്ണപുരം സെന്റ് ജോസഫ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

- കോട്ടപ്പുറം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. ജൂബിലേറിയൻസിനെ ആദരിച്ചു.

- പൊമ്പ്ര സെന്റ് ആന്റണീസ്, കാരാകുർശ്ശി സെന്റ് മേരീസ്, അരപ്പാറ സെന്റ് സെബാസ്റ്റ്യൻ എന്നീ പള്ളികൾ സന്ദർശിച്ചു.

10 - നിർമ്മലദാസി സന്യാസിനീ സമൂഹത്തിന്റെ കോ ഫൗണ്ടർ ബഹു. ജോസഫ് വിളങ്ങാടൻ അച്ചന്റെ മൃതദേഹത്തിൽ ഒപ്പീസ് പാടി.

- തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ രോഗീസന്ദർശനം നടത്തി.

11 - അരമനയിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

- മലമ്പുഴയിലെ സ്ഥാപനങ്ങൾ സന്ദർശിച്ചു.

12 - വള്ളിയോട് സെന്റ് മേരീസ് പോളിടെക്നിക് കോളേജിനുവേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടം വെഞ്ചരിച്ചു.

- മംഗലപ്പുഴ സെന്റ് ജോസഫ് സെമിനാരി സന്ദർശിച്ചു.

13 - മൗണ്ട് സെന്റ് തോമസിൽ നടന്ന കാറ്റികിസം ലിറ്റർജിക്കൽ സെമിനാറിന്റെ സമാപന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

14 - രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

15 - പൊന്നംകോട് ഫൊറോനതല കുടുംബക്കൂട്ടായ്മ ഉദ്ഘാടനം ചെയ്തു.

- മുണ്ടൂർ യുവക്ഷേത്രയിലെ പുതിയ കോഴ്സായ B.Sc Hotel Managament & Culinary Artsന്റെ ഉദ്ഘാടന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- കല്ലേക്കാട് പുതുതായി നിർമ്മിച്ച ഫാത്തിമ മാതാ ദൈവാലയം കൂദാശ ചെയ്ത് വി. കുർബാനയർപ്പിച്ചു.

17 - താമരശ്ശേരി രൂപതയുടെ മുൻ രൂപതാദ്ധ്യക്ഷൻ മാർ പോൾ ചിറ്റില





പ്പിള്ളി പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയോടനുബന്ധിച്ച സമൂഹബലിയിൽ സന്ദേശം നൽകി. പൊതുസമ്മേളനത്തിൽ സംബന്ധിച്ചു.

- കോടഞ്ചേരി ഹോളിഫാമിലി കോൺവെന്റ് സന്ദർശിച്ചു.

18 - തെങ്കര ഡൊമിനിക്കൻ നൊവീഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

- ആനമൂളിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന പുതിയ പള്ളി സന്ദർശിച്ചു.

19 - കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.

- ചന്ദ്രനഗർ ഡോട്ടേഴ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസ് സന്യാസിനി സമൂഹത്തിന്റെ നൊവീസ്സസിന് ക്ലാസ്സെടുത്തു.

20 - കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.

- വടക്കഞ്ചേരി ദൈവദാൻ സെന്റർ സന്ദർശിച്ചു.

21 - രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

22 - പാലക്കാട് ജെയ്ക്രിസ്റ്റോ പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡേയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- പട്ടിക്കര സേവനാലയത്തിന്റെ ഹോംഡേയോടനുബന്ധിച്ചുള്ള പരിപാടികളിൽ സംബന്ധിച്ചു.

23 - പാലക്കാട് ജെയ്ക്രിസ്റ്റോ കോൺവെന്റിൽ സി. ഓൾഗ സി.എം.സിയുടെ മൃതദേഹസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

- പാലന ആശുപത്രിയിൽ ജപമാല സമാപന ശുശ്രൂഷകളിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

24 - അരമനയിൽ മേജർ ആർച്ചുബിഷപ്പിന്റെ പാസ്റ്ററൽ വിസീത്തയെപ്പറ്റി നടന്ന ആലോചനാ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.